# ഇശൽ
# പൈതൃകം

ത്രൈമാസിക ലക്കം: 45

# Ishal Paithrkam

Online issue 30 print issue 45 March 2026

**Mahakavi Moyinkutty Vaidyar**
**Mappila Kala Akademi**
Department of Cultural Affairs
Government of Kerala-India
March 2026

E-ISSN:2582-550X

**ഇശൽ പൈതൃകം**
ത്രൈമാസിക
ലക്കം: 45
2026 മാർച്ച്

പകർപ്പാവകാശം: പ്രസാധകർക്ക്

**ചീഫ് എഡിറ്റർ**
ഡോ. ഹുസൈൻ രണ്ടത്താണി

**എഡിറ്റർ**
ഡോ. ഷംഷാദ് ഹുസൈൻ. കെ.ടി.

**അസോസിയേറ്റ് എഡിറ്റർ**
ഡോ. അനീസ് ആലങ്ങാടൻ

**എഡിറ്റോറിയൽ ബോർഡ്**
ബഷീർ ചുങ്കത്തറ
ഡോ. പി.പി അബ്ദുൽ റസാഖ്
എം.എൻ. കാരശ്ശേരി
സൈദലവി ചീരങ്ങോട്ട്

**പ്രസാധകർ**
മഹാകവി മോയിൻകുട്ടി വൈദ്യർ
മാപ്പിള കലാ അക്കാദമി
കൊണ്ടോട്ടി: 673 638
ഫോൺ: 0483 2711432

ഇശൽ പൈതൃകത്തിൽ പ്രസിദ്ധീകരിക്കുന്ന രചന കളിലെ ആശയങ്ങൾ മാപ്പിളകലാ അക്കാദമിയുടേ തോ, സംസ്ഥാന സർക്കാറിന്റേതോ, സാംസ്കാരിക വകുപ്പിന്റേതോ ആയിരിക്കണമെന്നില്ല. – എഡിറ്റർ

**Ishal Paithrkam**
**E-ISSN: 2582-550X**

Peer-Reviewed
Two issue per year
Bilingual
Issue: 45
Online issue: 30
March: 2026
all rights reserved

**Editor**
Dr. Shamshad hussain. KT

**Publisher**
The Secretary, Mahakavi Moyinkutty Vaidyarmappila Kala Academy, Department of Cultural affairs, Government of Kerala, Kondotty Post

Pin: 673638
India
Ph: +91 483 2711432

**Printed at**
Kerala state C APT
Kozhikode

www.mappilakalaacademy.org
www.ishalpaithrkam.info

copyright rests with the publisher. the authors are responsible for the contents and views expressed.

E-ISSN:2582-550X

# The Arab Malayalam News Paper *Swalahul Ikhvaan* and its cultural discourses

**Dr. Muhamed Basheer K.K.**
**Dhilna C.S.**

The study is a content analysis of the four issues of the Malayalam-transliterated version of the Arab-Malayalam newspaper Swalahul Ikhwan, which was published in 1899 and ran for eight years, and an explanation of the newspaper's involvement in the social, cultural and literary fields. The newspaper 'Swalahul-Ikhwan' proved to be the right path in the field of Arab-Malayalam language journalism. The newspaper strived for the upliftment of the Muslim community and the growth of the religion and opened a wide path of reading and knowledge in front of the Mappila Muslim community who were only interested in the Arab-Malayalam language. The newspaper played an important role in the literary, cultural and social development of the Mappila Muslim community. The purpose of the publication was to provide religious and non-religious news for Malayalee Muslims and to introduce religious restrictions and other news of other countries. The newspaper has been able to convert the Kerala Muslims, especially the Malabar Muslims, into a reading community and to form in them a global outlook and an awareness of being a citizen of the world, and above all, a strong awareness of the visions of the world Muslim brotherhood. The newspaper has also played a crucial role in assimilating Urdu and Arabic indigenous and international schools of thought and integrating them into the culture of Malayalam without depending Sanskrit and Tamil main streams. The newspaper has always maintained its resistance and attitude towards the apartheid regime and the

political stance of the occupying government. Today, it is understood that the newspaper represents a 'Malabar Prose' with no emphasis on Sanskrit or Tamil, a mixture of Arabic, Urdu and Hindi, and the spoken language and culture of the Malabar Muslims.

**Keywords :** World citizen, Global Muslim brotherhood, Malabar Prose, Reading community, Journalistic structure, Global citizen.

## Reference

Abu O., (1970), *Arabi malayala Sahitya caritram*, Kottayam: S.P.S.S.

Ali Saqafi Pulpatta, (2016), *Mappila Malabarinte Sahithya Paithrkam*, Kozhikode: Poongavanam Books.

Ahammad A.P, (2010), *Muslim Navodhanam–Chila Keraleeya Chithrangal*, Kannur: Kairali Books.

Ahmad Moulavi C. N., Muhammad Abdul Kareem, KK., (1978), *Mahathaya mappila sahithya parambaryam,* Kozhikode: Azad Books.

Thomas MV., (2000), *Media and Malayalam Literature* (Malayalam), Thiruvanathapuram: Cultural Publication Department.

Shamsudheen OK., (2020), *Mappila Malayalam*, Kozhikode: Lipi Publication.

Saidalavi C, (2020), *Char Darvesh: lipyantharanavum paravarthanavum,* Kochi: National Books.

Saleem P.C., Hafiz Muhammed C.P., (2011), *malabar paithrukavum prathapavum,* Kozhikode: Matrubhoomi Publication.

Sreekumar A.G, (2016), *Pusthakavum Kerala Samskara Parinamavum,* Thiruvanathapuram: Kerala University.

**Dr. Muhamed Basheer K.K.**
Associate Professor
P.T.M. Govt. College, Perinthalmanna
Pin: 679322
India
Email: mbkunnummal@gmail.com
Ph: +91 9946764768
ORCiD: 0000-0002-8766-3960
&
**Dhilna C.S**
B.Ed. Malayalam
Dr. Palpu Memorial S.N.D.P. Yogam College, Kodungallur
Pin: 680664
India
Email: dilnadilu910@gmail.com
Ph: +91 8089615464
ORCiD: 0009-0001-6130-066X

E-ISSN:2582-550X

# സ്വലാഹുൽ ഇഖ്വാൻ എന്ന അറബിമലയാള പത്രവും സാംസ്കാരിക വ്യവഹാരങ്ങളും

ഡോ. മുഹമ്മദ് ബഷീർ കെ.കെ.
ദിൽന സി.എസ്.

**സംഗ്രഹം**

1899ൽ പുറത്തിറങ്ങുകയും 8 വർഷത്തോളം പ്രവർത്തിക്കുകയും ചെയ്ത അറബിമലയാള പത്രമായ സ്വലാഹുൽ ഇഖ്വാനിന്റെ മലയാളത്തിലേക്കുള്ള ലിപ്യന്തരണം ചെയ്ത 4 ലക്കങ്ങളുടെ ഉള്ളടക്കവിശകലനവും പത്രത്തിന്റെ സാമൂഹിക സാംസ്കാരിക സാഹിത്യമേഖലകളിലെ ഇടപെടലുകളെക്കുറിച്ചുള്ള വിശദീകരണവുമാണ് ഈ പഠനം. അറബിമലയാള പത്രപ്രവർത്തനത്തിൽ ശരിയായവഴി തെളിയിക്കാൻ സ്വലാഹുൽ ഇഖ്വാൻ പത്രത്തിന് സാധിച്ചു. മുസ്ലിംസമുദായത്തിന്റെ ഉന്നമനത്തിനും മതത്തിന്റെ വളർച്ചയ്ക്കും പത്രം പരിശ്രമിക്കുകയും അറബിയിലും അറബി മലയാളത്തിലും മാത്രം സാക്ഷരരായ ബഹുഭൂരിപക്ഷം വരുന്ന മാപ്പിളസമൂഹത്തിന് മുന്നിൽ വായനയുടെയും അറിവിന്റെയും വിശാലമായ പാത തുറന്നുകൊടുക്കാനും പത്രത്തിനു സാധിച്ചു. മാപ്പിളസമൂഹത്തിന്റെ സാഹിത്യോന്നതിക്കും സംസ്കാരികവും സാമൂഹികവുമായ വളർച്ചയ്ക്കും പത്രം മുഖ്യ പങ്കുവഹിച്ചു. മലയാളികളായ മുസ്ലീംകൾക്ക് വേണ്ടി മതപരവും അല്ലാത്തതുമായ വാർത്തകൾ ലഭ്യമാക്കുക, മറ്റു രാജ്യങ്ങളുടെ മതസംബന്ധമായ വിധിവിലക്കുകളും മറ്റു വാർത്തകളും പരിചയപ്പെടുത്തുക തുടങ്ങിയവയായിരുന്നു പത്രപ്രസി

ദ്ധീകരണത്തിന്റെ ലക്ഷ്യങ്ങൾ. കേരളമുസ്ലിംകളെ പ്രത്യേകിച്ചും മലബാർ മുസ്ലിംങ്ങളെ വായനസമൂഹമായി പരിവർത്തിപ്പിക്കുന്നതിലും അവരിൽ ആഗോളവീക്ഷണവും വിശ്വപൗരൻ എന്ന അവബോധവും അതിനേക്കാൾ ഉപരി ലോക മുസ്ലിം സാഹോദര്യത്തിന്റെയും ദർശനങ്ങളുടെയും ശക്തമായ അവബോധം രൂപപ്പെടുത്തുന്നതിനും പത്രത്തിനു സാധിച്ചിട്ടുണ്ട്. തമിഴിന്റെയും സംസ്കൃതത്തിന്റെയും അല്ലാത്ത ഉറുദുവിന്റെയും അറബിയുടെയും ദേശാന്തരവും അന്തർദേശീയവുമായ ചിന്താധാരകളെ സ്വാംശീകരിച്ച് അവയെ മലയാളത്തിന്റെ സംസ്കാരത്തിലേക്ക് സമന്വയിപ്പിക്കുന്നതിനും പത്രം നിർണായക ഇടപെടലാണ് നടത്തിയിട്ടുള്ളത്. സവർണ്ണവരേണ്യ ഭാഷാധിപത്യത്തോടും അധിനിവേശ സർക്കാരിന്റെ രാഷ്ട്രീയ നിലപാടുകളോടുള്ള പ്രതിരോധവും സമീപനവുമാണ് പത്രം എക്കാലത്തും ഉയർത്തിപ്പിടിച്ചിരുന്നത്. സംസ്കൃതത്തിനോ തമിഴിനോ പ്രാമുഖ്യം ഇല്ലാത്തതും അറബി-ഉറുദു-ഹിന്ദി മിശ്രവും മലബാർ മുസ്ലിങ്ങളുടെ വ്യവഹാരഭാഷയും സംസ്കാരവും കലർന്ന ഒരു മലബാർഗദ്യത്തെ പത്രം അടയാളപ്പെടുത്തുന്നതായി ഇന്ന് മനസ്സിലാക്കാൻ സാധിക്കും.

**താക്കോൽ വാക്കുകൾ:** വിശ്വപൗരൻ, ആഗോളമുസ്ലിം സാഹോദര്യം, മലബാർ ഗദ്യം, വായനസമൂഹം, പത്രരൂപ ഘടന, ആഗോള പൗരൻ.

**ആമുഖം**

1899 ലാണ് സ്വലാഹുൽ ഇഖ്വാൻ എന്ന അറബിമലയാള പത്രം പ്രസിദ്ധീകരിക്കുന്നത്. സി.എസ്. സെയ്താലിക്കുട്ടിയാണ് പത്രാധിപർ. പൊന്നാനിയിലെ മുഹ്ഖിൽ അറാഇബ് പ്രസ്സിലാണിത് പ്രസിദ്ധീകരിച്ചത്. 1899ൽ പുറത്തിറങ്ങുകയും 8 വർഷത്തോളം പ്രവർത്തിക്കുകയും ചെയ്ത അറബിമലയാള പത്രമായ സ്വലാഹുൽ ഇഖ്വാനിന്റെ മലയാളത്തിലേക്കു ലിപ്യന്തരണം ചെയ്ത 1900 ഫെബ്രുവരി 17, 1901 മെയ് 21, 1902 മാർച്ച് 12, 1901 ഒക്ടോബർ 1 എന്നീ തെരഞ്ഞെടുക്കപ്പെട്ട മൂന്നു വർഷങ്ങളിലെ 4 ലക്കങ്ങളുടെ ഉള്ളടക്കവിശകലനവും പത്രത്തിന്റെ സാമൂഹിക സാംസ്കാരിക സാഹിത്യ മേഖലകളിലെ ഇടപെടലുകളെക്കുറിച്ചുള്ള വിശദീകരണവുമാണ് ഈ പഠനത്തിൽ ഉൾപ്പെടുത്തുന്നത്. സ്വലാഹുൽ ഇഖ്വാനിന്റെ ഏതാനും കോപ്പികൾ മലപ്പുറം സി. എച്ച്. ചെയറിൽ ശേഖരിച്ചു വെച്ചിട്ടുണ്ട്. പ്രധാനമായും 1900 മുതലുള്ള കോപ്പികളുടെ ശേഖരമാണ് ലഭ്യമായിട്ടുള്ളത്. പത്രങ്ങൾ സമാഹരിച്ചത് അശ്റഫ് ത

ങ്ങൾ ചെട്ടിപ്പടിയാണ്.

മലബാർമേഖലയിലെ വിദ്യാഭ്യാസത്തിലും അവിടുത്തെ സാമൂഹിക സാംസ്കാരിക സാമ്പത്തിക രംഗങ്ങളിലും പത്രം സ്വാധീനം ചെലുത്തിയിട്ടുണ്ട്. മാത്രമല്ല, ആ കാലഘട്ടത്തിലെ ചരിത്രപ്രധാനമായ സംഭവങ്ങളുടെ വിശദമായ വിവരണം പത്രത്തിൽ കാണാൻ സാധിക്കുന്നുണ്ട്. കേരളീയ ജനതയുടെ ജന്മികുടിയാൻ വ്യവസ്ഥയും കർഷകരുടെ പ്രശ്നങ്ങളും ലോകകാര്യങ്ങളും ദുരന്തങ്ങളും കൊലപാതകങ്ങളും തുടങ്ങി ഒരു പത്രത്തിൽ ഉൾപ്പെടുത്തേണ്ടവയും അല്ലാത്തവയും ഇതിൽ കാണാവുന്നതാണ്. പ്രധാനമായും മുസ്‌ലിം സമൂഹത്തെ കേന്ദ്രീകരിച്ചുകൊണ്ടുള്ള പത്രമായതിനാൽ ഇസ്‌ലാമിക കാഴ്ചപ്പാടുകൾക്കാണ് പത്രം മുൻഗണന നൽകുന്നത്.

**1. സ്വലാഹുൽ ഇഖ്‌വാൻ പത്രത്തിന്റെ ഉള്ളടക്കവും സാംസ്കാരികവിശകലനവും**

വൈജ്ഞാനികകൃതികൾ, വിവർത്തനങ്ങൾ, കഥകൾ, കവിതകൾ, യാത്രാവിവരണങ്ങൾ, നോവലുകൾ തുടങ്ങി ഗദ്യത്തിലും പദ്യത്തിലും അറബിമലയാള സാഹിത്യം മികവു പുലർത്തി. മാത്രമല്ല, ആനുകാലിക രംഗത്ത് പത്രങ്ങൾ, വാരികകൾ, മാസികകൾ തുടങ്ങി സമ്പന്നമായ അച്ചടിയുടെ ചരിത്രം തന്നെ അറബിമലയാളത്തിനുണ്ട്. മാപ്പിളമാർക്കിടയിലെ വിദ്യാഭ്യാസത്തിന്റെ വളർച്ചയ്ക്കും നാട്ടുവർത്തമാനങ്ങൾ മുതൽ ലോകകാര്യങ്ങൾ വരെ ജനങ്ങളിലേക്ക് എത്തിക്കുവാനും പത്രം ശ്രമം നടത്തി.

**1.1 പത്രഭാഷ**

മലബാറിലെ മാപ്പിളമുസ്‌ലിംകളുടെ വ്യവഹാര ഭാഷയ്ക്ക് അച്ചടിയിലൂടെ മാനകസ്വഭാവം നൽകി. മലബാർ ഗദ്യമെന്നു വ്യവഹരിക്കാവുന്ന മലയാള ഭാഷയ്ക്ക് അടിത്തറയിടാൻ സ്വലാഹുൽ ഇഖ്‌വാനു കഴിഞ്ഞു. സവിശേഷമായ തലക്കെട്ടുകൾ, മലബാർ ഗദ്യത്തിന്റെ ഉപയോഗം, മാനകഭാഷയിൽ നിന്നുള്ള വ്യത്യാസം, പഴഞ്ചൊല്ലുകൾ, കഥാകഥനത്തിന്റെ ആഖ്യാനരീതി, പത്രഘടന, അന്യഭാഷാപദങ്ങളുടെ ഉപയോഗം, വ്യാകരണത്തിലെ വ്യത്യാസം, ശൈലീവ്യതിയാനം, കുത്ത്, കോമ, ഉദ്ധരണികൾ തുടങ്ങിയ ചിഹ്നങ്ങളുടെ അഭാവം എന്നിങ്ങനെ നിരവധി കാര്യങ്ങളിൽ പത്രം വ്യത്യസ്തത പുലർത്തുന്നു. ഇന്നത്തെ പത്രത്തിന്റെ മാതൃക ഒന്നും തന്നെ ഇതിൽ കാണാൻ സാധിക്കുന്നതല്ല. പ്രധാനമായും തലകീഴായ പിരമിഡ് (ഇൻവെർട്ടഡ് പിരമിഡ്) രീതിയിൽ അ

ല്ല പത്രവാർത്തയുടെ രചനാഘടന നിലനിൽക്കുന്നത് എന്നത് ശ്രദ്ധേയമാണ്.

**1.2 തലക്കെട്ടുകൾ**

ഒരു പത്രത്തിന്റെ പ്രധാനഭാഗം തന്നെയാണ് അതിന്റെ തലക്കെട്ടുകൾ. വായനക്കാരന്റെ ശ്രദ്ധയെ ആകർഷിക്കുന്നതിൽ തലക്കെട്ടുകൾ മുഖ്യപങ്കു വഹിക്കുന്നുണ്ട്. തലക്കെട്ടുകൾ വലുതാക്കുവാനും കട്ടിയുള്ളതാക്കുവാനും വ്യത്യസ്ത നിറങ്ങൾ നൽകി അതിന്റെ പ്രാധാന്യം വ്യക്തമാക്കാനും ഇന്നത്തെ പത്രങ്ങൾ വളരെയധികം ശ്രദ്ധ ചെലുത്താറുണ്ട്. അത്തരത്തിൽ അന്നത്തെ പരിമിതിക്കുള്ളിൽ നിന്നു കൊണ്ട് സ്വലാഹുൽ ഇഖ്വാനും തലക്കെട്ടുകൾ വലുതാക്കുവാനും (Font size) കട്ടിയുള്ളതാക്കുവാനും (Bold) ശ്രദ്ധിച്ചിട്ടുണ്ട്. എന്നാൽ ഇന്ന് കാണുന്ന രീതിയിലുള്ള ശൈലിയോ മാനകസ്വഭാവമോ അന്നത്തെ തലക്കെട്ടുകൾക്ക് പ്രതീക്ഷിക്കേണ്ടതില്ല.

പരസ്യം, ലേഖനങ്ങൾ, നഹസു, ഭൂമികുലുക്കം, ബെയ്ത്തുകൾ എന്നിങ്ങനെ മുഖ്യ തലക്കെട്ടുകൾ വരുന്ന വാർത്തകളും കൂടാതെ മലയാളവർത്തമാനങ്ങൾ എന്ന പ്രധാനതലക്കെട്ടിന് ഉപതലക്കെട്ടുകൾ നൽകിക്കൊണ്ടുള്ള വാർത്തകളും കാണാം. മലയാളവർത്തമാനങ്ങൾ[1] എന്ന തലക്കെട്ടിനുള്ളിൽ വന്നിട്ടുള്ള ഉപതലക്കെട്ടുകളാണ് സിന ചെയ്തിട്ടു കൊന്നതു, കൃഷി നഷ്ടം, ഒരു ഉരുഫെളിക്കൽ, ജനങ്ങളുടെ ബുദ്ധിമുട്ട്, ഒരു മുൻസിഫൽ കവുൺസിൽ, ഒരു ഉദ്യോഗമാറ്റം, ഒരു നേർച്ച, ഒരു സഭ, മാറി ഫാറ്ഫ്ഫൂ, സ്വലാഹുൽ ഇഖ്വാൻ ശിക്ഷിച്ചത്, ഫള്ളിഫണികളിൽ ഫാടില്ലാത്തത്, ഒരു ഫുതിയ നിയമം എന്നിവ. അതുപോലെതന്നെ 'ഫരദേശ വർത്തമാനങ്ങൾ'[2] എന്ന പ്രധാനതലക്കെട്ടിന്റെ ഉപതലക്കെട്ടുകൾ ആണ് ഇസ്ലാമു ഫെരുക്കുന്നു, ഫകർച്ച ദീനം, ഇസ്ലാമു കീഴടങ്ങുന്നു, ഒരു വലിയ തീവണ്ടി ഫാത, ഇസ്ലാമിനെ വലുതാക്കുന്നു, ഇസ്ലാമിനെ ബഹുമാനിക്കുന്നു, ഇസ്ലാം നന്മ ചെയ്യുന്നു, ഇസ്ലാമു ഫന്തുന്നു, ഇസ്ലാം വളരുന്നു, ഇസ്ലാം ധർമം ചെയ്യുന്നു, ഇസ്ലാം കുടുങ്ങിയിരിക്കുന്നു, ഇസ്ലാമിനോട് ഫട എന്നിവ. അതുപോലെ ട്രാൻസ് വാലിലെ വർത്തമാനങ്ങൾ[3] എന്ന മുഖ്യതലക്കെട്ടിന്റെ ചെറുതലക്കെട്ടുകൾ ആണ്. ജനവരി ഒന്നാം തിയതി, ജനവരി ആറാം തിയതി, ജനവരി യെട്ടാം തിയതി, ജനവരി ഫതിനൊന്നാം തിയതി, ജനവരി ഫന്തിരണ്ടാം തിയതി, ജനവരി ഫതിനാലാം തിയതി, ജനവരി ഫതിനഞ്ചാം തിയതി, ജനവരി ഫതിനാറാം തിയതി, ജനവരി

ഫതിനേഴാം തിയതി, ജനവരി ഫതിനെട്ടാം തിയതി, ജനവരി ഫ തൊൻമ്പതാം തിയതി, ജനുവരി ഇരുഫതാം തിയതി, ജനവരി ഇ രുഫത്തി മൂന്നാം തിയതി, ജനവരി ഇരുഫത്തിനാലാം തിയതി, ജ നവരി ഇരുഫത്തിയേഴാം തിയതി എന്നിവ. ഇത്തരത്തിലുള്ള മാ തൃകയാണ് മറ്റു ലക്കങ്ങളിലും ഉപയോഗിച്ചു കാണുന്നത്.

**1.3 മാനകഭാഷയിൽ നിന്നുള്ള വ്യത്യാസം**

വ്യാകരണം നോക്കുകയാണെങ്കിൽ പദങ്ങളിലും അക്ഷര ങ്ങളിലും വാക്കുകളിലും വ്യവസ്ഥയില്ലായ്മ കാണുവാൻ സാധി ക്കുന്നു. അക്ഷരങ്ങളുടെ കാര്യത്തിൽ ധാരാളം കുറവുകൾ പത്രം നേരിടുന്നുണ്ട്. ഉദാഹരണമായി മലയാളത്തിലെ പ എന്ന അക്ഷര ത്തിനു പകരം ഫ ആണ് ഉപയോഗിച്ചിരിക്കുന്നത്. എ എന്ന അക്ഷ രത്തിനു പകരം യ ആണ് ഉപയോഗിച്ചിരിക്കുന്നത്. അതുപോലെ തന്നെ ക, ഖ, ദ, ത, സ, സ്വ, ശ, ഷ എന്നീ അക്ഷരങ്ങൾക്ക് ഉപയോ ഗിച്ചിരിക്കുന്ന ചിഹ്നങ്ങൾക്ക് സ്ഥിരത കാണുന്നില്ല. അവ പല സ്ഥ ലങ്ങളിലും ഒരുപോലെ തോന്നിക്കുന്നു. എങ്കിലും എഴുത്തുരീതി യെ മാറ്റുന്നുണ്ട്. പദങ്ങളിലാണെങ്കിൽ പുതിയ മലയാളത്തിലുള്ള അക്ഷരങ്ങളെ കൂട്ടിയോജിപ്പിച്ച് എഴുതുന്നില്ല. പുതിയ അറബിമല യാളത്തിലേതു പോലെ ഒരു ലിപിവ്യവസ്ഥ അന്നുണ്ടായിരുന്നില്ല എന്ന് ഇതിൽ നിന്നും മനസ്സിലാക്കാം. ഉദാഹരണത്തിന് വിശ്വസി ക്കുക എന്ന വാക്ക് വിശ്-വസിക്കുക എന്ന് പിരിച്ചെഴുതുന്ന രീതി യാണ് പത്രത്തിൽ ഉള്ളത്. ഇതുതന്നെ പല വാക്കുകളിലും ഉപ യോഗിച്ചിരിക്കുന്നു.

പത്രത്തിന്റെ വാക്യരചനയും ഘടനയും കേരളപാണിനീയ നിയമങ്ങളെ പിന്തുടരുന്നവയല്ലന്നതിനു ഒരു ഉദാഹരണം താഴെകൊടുക്കുന്നു.

> "അദ്ദേഹത്തിന്റെ അമ്മ ഒരു ദിവസം തന്നെ നെല്ലിൽ കോഴിയെ നോക്കുവാൻ ആ ക്കിയഫ്ഫോൾ ഒരു കോഴി വന്നു നെല്ല് തി ന്നുകയും അഫ്ഫോൾ അദ്ദേഹം കോഴി നീ നെല്ല് തിന്നേണ്ട യെന്നു ഫറഞ്ഞു കോഴിയെ ആട്ടി." (ഫാട്ടുകളും ഫാട്ടുകാരും എന്ന വാർത്തയിൽ നിന്നും എടുത്ത ഭാഗം).[6]

*"ഈ ഫിബ്റവരി മാസം യേഴാം തിയതിക്കു ബുധനായഴ് ച ശവ്വാൽ മാസം രാത്രി ആറാം തിയതി മൂന്ന് മണി ഫത്തു മിനി ട്ടിന് ഫാലത്തിൽ മേൽകൂടി തീവണ്ടി വരും ഫ്രകാരം കഠിനമായ ഒരു ശബ്ദവും ഭൂമിയും സകല യെടുഫുകളും മരങ്ങളും മറ്റും കൂടി ആകെ ഒരു കിടുക്കം ഉണ്ടായി (17/02/1900).'*[4] ഇങ്ങനെ വായനയ്

ക്കും വ്യാകരണത്തിനും ഭംഗം വരുത്തുന്ന രീതിയിലുള്ള എഴുത്തുകൾ പലയിടങ്ങളിൽ കാണാം. പക്ഷെ 1900 ത്തിൽ നിന്നും 1902 ലേക്ക് വരുമ്പോൾ ഈ രീതികളിൽ കാര്യമായ മാറ്റം വന്നിട്ടുണ്ടെന്ന് പറയാം. ഇത്തരത്തിൽ ഇന്നത്തെ പത്രഭാഷയുടെ മാനകരീതി സ്വലാഹുൽ ഇഖ്‌വാൻ പിന്തുടരുന്നില്ല.

**1.4. കഥാകഥനത്തിന്റെ ആഖ്യാനരീതി**

കഥാകഥനത്തിന്റെ രേഖീയമായ ആഖ്യാനശൈലിയാണ് പത്രം ഉപയോഗിച്ചിരിക്കുന്നത്. പ്രധാനവാർത്തകൾക്ക് അകത്തുതന്നെ കഥപറച്ചിൽ കടന്നുവരുന്നതായി കാണാം.

ഉദാഹരണം-

*“വള്ളുവനാട്ടിൽ ഒരു നായർ അയ്യോ മഹിളമാർ ലഹളക്ക് വരുന്നുവെന്ന് നിലവിളിച്ചു മാളികയിൽ നിന്നു ഫുറത്തോട്ട് ചാടി”* (ഒരു ഭൂമികുലുക്കത്തിന്റെ വാർത്തയിൽ നിന്നും എടുത്ത ഭാഗം)

ഇങ്ങനെ ചിലയിടങ്ങളിൽ ഒഴിച്ചാൽ ബാക്കി സ്ഥലങ്ങളിൽ എല്ലാം വാർത്ത കാര്യമായിത്തന്നെ വായനക്കാർക്ക് മുന്നിൽ എത്തിക്കുവാൻ പത്രം വളരെയധികം പരിശ്രമിച്ചിട്ടുണ്ട്. പത്രത്തിൽ മുഴുവനായും നരേറ്റീവ് സ്വഭാവം കാണാൻ കഴിയുന്നില്ല. എങ്കിലും പലഭാഗങ്ങളിലും ഇത് കടന്നുവരുന്നുണ്ട്. മൂന്നു വർഷത്തെ പത്രത്തിലും ഈ രീതി കാണാൻ കഴിയുന്നുണ്ട്.

**1.5 അന്യഭാഷാപദങ്ങളുടെ കടന്നുവരവ്**

അറബി മലയാളമെന്നത് ഒരു ഭാഷാമിശ്രമാണെന്നതുകൊണ്ടുതന്നെ പത്രത്തിൽ നിരവധി അന്യഭാഷാപദങ്ങൾ കടന്നുവന്നിട്ടുണ്ട്. അറബിഭാഷയുടെ സാന്നിധ്യമാണ് കൂടുതലായി കാണാൻ കഴിയുന്നത്.

ഉദാഹരണം: ഫാനീസ്, കനീസ, ഹലാക്ക്, മയിൽസു, സർക്കീട്ടു, വാജിബ്, ഖുറാസ്, കിസ്സ, ഹാക്കിം, ഈബത്തു, നമീമതു, സിന, ഹക്കു, മഹല്ല്, മയ്യിത്തു, ശറഫ്, ഖാഫില, ദീൻ, ദുനിയാവ്, ആലം, നസ്വാർ, ള്വാഹിർ, ഫാനഉ, തൂഫാൻ തുടങ്ങിയ നിരവധി പദങ്ങൾ പത്രത്തിൽ ഉണ്ട്. 19-ാം നൂറ്റാണ്ടിന്റെ അവസാനകാലഘട്ടത്തിൽ മലബാർ മുസലീങ്ങളുടെ ഇടയിലാണ് ഈ പത്രം ഉണ്ടായിരുന്നത്. അന്ന് പ്രചാരത്തിലുണ്ടായിരുന്ന ഈ പത്രം ഇത്രയധികം അറബിപദങ്ങൾ ഉപയോഗിച്ചിരുന്നു എന്നതിൽനിന്നും മനസ്സിലാക്കാനാവുന്നത് അന്നത്തെ മലബാർ മുസ്ലീംകളുടെ വ്യവഹാരത്തിൽ ധാരാളം അറബിപദങ്ങൾ കലർന്നിരുന്നു എന്നതാണ്. അറബിയു

മായിട്ടും അറേബ്യയുടെ ഇസ്ലാമികജീവിതവുമായിട്ടും ബന്ധപ്പെട്ടു കിടക്കുന്ന ഒരു സാംസ്കാരിക വ്യതിരിക്ത്തതയേയും ഈ പത്രം കൃത്യമായിട്ട് അടയാളപ്പെടുത്തുന്നുണ്ട്.

മുസ്ലീംകളെ ലക്ഷ്യം വെച്ചുകൊണ്ടുള്ള പത്രമായതിനാൽ അവരുടെ സംസ്കാരവുമായി ബന്ധപ്പെട്ട വാക്കുകളും പത്രത്തിൽ കാണുവാൻ സാധിക്കുന്നുണ്ട്. അസ്സലാമുഅലൈക്കും, ഇൻശാ അല്ലാഹ്, സുബ്ഹാനല്ലാഹ്, അല്ലാഹു അഅ്ലം തുടങ്ങിയവയും അറബിഭാഷയാകുന്നു. ഇസ്ലാംമതവുമായി ബന്ധപ്പെട്ട വിഷയങ്ങളായതുകൊണ്ടു തന്നെ പേരുകളും മറ്റും അറബിഭാഷയിൽത്തന്നെയാണ് എഴുതുന്നത്. സ്വലാഹുൽ ഇഖ്വാൻ എന്ന പത്രത്തിന്റെ പേര് പോലും അറബിയാണ്. 'സഹോദരങ്ങളുടെ നന്മ' എന്ന അർത്ഥമാണിതിനുള്ളത്.

**1.6 പത്രഘടന**

പത്രവും പത്രവാർത്തയും എക്കാലവും നിശ്ചിതരൂപഘടന പിന്തുടരുന്നതായി കാണാം. പ്രാധാന്യത്തിനനുസരിച്ച് ഘടനയിൽ വ്യത്യാസങ്ങൾ വരാറുണ്ട്. സ്വലാഹുൽ ഇഖ്വാനിന്റെ 1900, 1901, 1902 എന്നിങ്ങനെ ലിപ്യന്തരണം നടത്തിയ പത്രങ്ങളിൽ ഒരേ ഘടന തന്നെയാണ് കാണാൻ കഴിയുന്നത്. ആദ്യ പേജുകളിൽ പരസ്യം, വായനക്കാർക്കുള്ള നോട്ടീസ്, ലേഖനങ്ങൾ, ഓഫീസിൽ ഉള്ള പുസ്തകങ്ങൾ, മരുന്നുകൾ, മഷികൾ, പാട്ടുകൾ എന്നിവയുടെ വിവരങ്ങൾ തുടങ്ങി മതപരമായ കാര്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന വാർത്തകൾ ഉൾപ്പെടുത്തി അവസാനഭാഗങ്ങളിൽ നാട്ടുവർത്തമനങ്ങൾ, ലോകകാര്യങ്ങൾ എന്നിവയെപ്പറ്റി വിശദീകരിക്കുന്ന രീതിയാണ് കാണാൻ കഴിയുന്നത്. കൂടുതലും ഇസ്ലാമിക ആശയങ്ങൾക്കും വാർത്തകൾക്കുമാണ് മുൻഗണന. ബയ്തുകൾ (പാട്ടുകൾ), നോവലുകൾ (പരമ്പരകൾ), തുടങ്ങി ഗദ്യവും പദ്യവും ആയ സാഹിത്യവിഭാഗങ്ങളെ പത്രത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മരുന്നുകൾക്കുവേണ്ടിയും പരസ്യങ്ങൾക്കുവേണ്ടിയും നിശ്ചിതമായ ഇടം നിലനിർത്തിയിരിക്കുന്നതായി കാണാം. വാർത്തകൾ എന്നതിനപ്പുറം മറ്റു പല മേഖലകളെയും ഉൾപ്പെടുത്തി കൂടുതൽ വിജ്ഞാനം ജനങ്ങളിലേക്ക് എത്തിക്കുവാൻ ശ്രമിക്കുന്ന ഘടനയാണ് പത്രത്തിനുള്ളത്.

**1.7.വിരാമ ചിഹ്നങ്ങളുടെ അഭാവം**

വായനയെ എളുപ്പമാക്കാനുള്ള പരിശ്രമം പത്രം പ്രദർശിപ്പിക്കുന്നതായി കാണാം. വായനയെ എളുപ്പമാക്കാനും

ആശയധാരണ സുഗമമാക്കുവാനും ചിഹ്നങ്ങൾ സഹായിക്കുന്നു. എന്നാൽ പത്രത്തിൽ ഇവ ഉപയോഗിച്ചിരിക്കുന്നത് വളരെ വിരളമായിട്ടാണ്. ഉദ്ധരണികൾ ആവശ്യമായ സ്ഥലത്തുപോലും അവ തീരെ ഉപയോഗിച്ച് കാണുന്നില്ല. അന്നത്തെ അറബി മലയാള എഴുത്തുരീതിയുടെ പരിമിതിയായി വേണം ഇതിനെ മനസ്സിലാക്കാൻ. ഉദാഹരണം:-

ഈ തൊള്ളായിരത്തി ഒന്നു യേഫ്റിൽ എംഫതാം തിയതി സാധുവായ ഒരു മനുഷ്യൻ മരിച്ച മയ്യിത്ത് മറവു ചെയ്വാൻ കൊണ്ടു ചെന്നഫ്ഫോൾ മേൽ ഫറഞ്ഞ ഫണിക്കാർ മയ്യിത്ത് യെടുത്തു ഖബ്റിൽ ഇറക്കി മുടുകല്ലും വെച്ചു മയ്യിത്തിന്റെ കൂടെ വന്നവരോട് നിങ്ങൾ ഫോയിക്കോൾവീൻ ഞങ്ങൽ മണ്ണിട്ട് കൊള്ളാം യെന്നു ഫറഞ്ഞത് കേട്ടു അവർ ഫോയ ശേഷം കൂട്ടർ മൂടുകല്ലും കഫൻ ഫുടവകളും വലിച്ചെടുത്തു മയ്യിത്തിന്റെ മേലെ വെറുതെ മണ്ണിട്ടു മൂടി ആ കല്ലുകൾ മറ്റൊരു ഖബറിന്നു വെച്ചു മണ്ണിടുംഫോൾ ഒരു കുട്ടി ഈ വിവരം ഫറഞ്ഞു കാര്യം വെളിച്ചത്തു വന്നു.”[7] (പത്രം-1901)

ഇതിൽനിന്നും ചിഹ്നങ്ങളുടെ കുറവ് എത്രത്തോളം ഉണ്ടെന്ന് മനസ്സിലാക്കാം. ഈ രീതി തന്നെയാണ് പത്രത്തിലുടനീളം ഉപയോഗിച്ചിരിക്കുന്നത്. പത്രത്തിൽ കോമയ്ക്ക് പകരം-ഈ ചിഹ്നമാണ് ഉപയോഗിച്ചിരിക്കുന്നത്. അതുപോലെ തന്നെ അവസാനത്തിൽ വിരാമ ചിഹ്നത്തിന് പകരം അറബിയിൽ ഖുർആനിലും മറ്റും ഉപയോഗിച്ചുകാണുന്ന പൂർണ്ണവിരാമമായ 0 എന്ന ചിഹ്നമാണ് കാണാൻ കഴിയുന്നത്. എങ്കിലും ആദ്യവർഷത്തെ പത്രങ്ങളിൽ നിന്നും പിന്നീട് ഇക്കാര്യത്തിൽ വ്യത്യാസം കാണുന്നുണ്ട്. എന്നാൽ ഉദ്ധരണികളിൽ വ്യത്യാസമില്ല.

### 1.8 പത്രം ചർച്ച ചെയ്യുന്ന വിഷയങ്ങൾ

ഒരു പത്രമാസികയുടേതായ എല്ലാ ഗുണങ്ങളും സ്വലാഹുൽ ഇഖ്വാനിലുണ്ട്. പത്രം വായനക്കാരുടെ ഇഷ്ടത്തിനും താല്പര്യത്തിനും അനുസരിച്ച് നിലനിർത്തുന്നതിനും അറബിമലയാളം കൂടുതൽ വശമുണ്ടായിരുന്ന മാപ്പിളസമൂഹത്തിന് മുന്നിൽ അവരുടെ സാമൂഹികവും സംസ്കാരികവും സാഹിതീയവും വിദ്യാഭ്യാസപരവുമായ കാര്യങ്ങൾക്ക് കൂടുതൽ ഊർജ്ജം നൽകുന്ന തരത്തിലുള്ള വിഷയങ്ങൾ ഉൾപ്പെടുത്തി മുന്നോട്ടു നയിക്കുവാനും സ്വലാഹുൽ ഇഖ്വാൻ ശ്രമിച്ചിട്ടുണ്ടെന്നും മനസ്സിലാക്കാം.

**(i) പരസ്യം**

പത്രത്തിന്റെ ലിപ്യന്തരണം നടത്തിയ നാലുപതിപ്പുകളിലും പരസ്യത്തിന് പ്രാധാന്യം കൊടുത്തിട്ടുണ്ട്. ഈ പരസ്യങ്ങളിൽ ഭൂരിഭാഗവും സ്വലാഹുൽ ഇഖ്‌വാൻ എന്ന പത്രവുമായി ബന്ധപ്പെട്ടിട്ടുള്ളവതന്നെയാണ്. ഉദാഹരണം: വേറെ പരസ്യങ്ങൾ

> "ചാർദർവേശ് യെന്ന ഫാർസിക്കത മലയാള ഭാഷയിൽ (മലയാള അക്ച്ചരത്തിൽ) ഞാൻ തർജമ ചെയ്തു വരുന്നു. ഉടനെ അച്ചടിച്ചു ഫ്രസിദ്ധം ചെയ്യുന്നതാണ്. വില തീർച്ചയാക്കീട്ടില്ല. അച്ചടിച്ചു ഫ്രസിദ്ധം ചെയ്യുന്നതിന്നു മുംഫായി ഫേര് രജിസ്തർ ചെയ്യുന്നവർക്കു അൽഫ്ഫം ആദായത്തിൽ കൊടുക്കുന്നതാകുന്നു. ഫയ് കുഞ്ഞ്ച്ചന്തു മലഫ്ഫുറം"[8]

**(ii) ഔഷധങ്ങൾക്കുള്ള പ്രാധാന്യം**

ഔഷധങ്ങളുടെ പരസ്യങ്ങൾ പരസ്യമെന്നതിലുപരി അവയുടെ വിലയും ഉപയോഗിക്കേണ്ട ക്രമവും മറ്റു ശ്രദ്ധിക്കേണ്ട കാര്യങ്ങളും ചേരുവയും പ്രതിപാദിക്കുന്ന അറിയിപ്പുകളാണ്. ആധുനിക വൈദ്യശാസ്ത്ര ചികിത്സാരീതിയേക്കാൾ ഇതര ചികിത്സാരീതികൾ ജനപ്രിയമായിരുന്ന ഒരു കാലത്തെക്കൂടി ഈ പരസ്യങ്ങൾ അടയാളപ്പെടുത്തുന്നു. ഉദാഹരണത്തിന് കസ്തൂരിയാതി വായു ഗുളികയെക്കുറിച്ച് പറയുന്നത് ഇങ്ങനെയാണ്:-

> "ഫുന്നശേരി നംഫി അവർകളുടെ വകയായി ഉണ്ടാക്കഫ്ഫെട്ടതു. കുറെ വായുമുട്ടൽ യെക്കിട്ടം വിലക്കം മുതലായതിനുള്ളത്. ഫുത്തരിചുണ്ടയും ജീരകവും കശായം വെച്ചു അതിൽ കൊടുക്കണം. ഗുളിക ഒന്നുക്കു വില ഫയ്-6" [9]

മറ്റൊരുദാഹരണം:

'രണ്ടാം നംബർ അബല സൻചീവനി ഗുളിക- സ്ത്രീ ടാക്ട്ടാറന്മാരായ തുളസിഭായി അവർകളാൽ ഉണ്ടാക്കഫ്ഫെട്ടതു. ഫെണ്ണുങ്ങൾക്ക് യെല്ലുരുകത്തിനു വിശേഷമായതു. മുഫ്ഫതു ഗുളിക കുടിച്ചാൽ മതി. രാവിലെയും വയ്യിട്ടും ഓരോ ഗുളിക ഫശുവിൻ ഫാലിൽ കലക്കി കുടിക്കേണം. ഇറച്ചിയും ഫാലും ധാരാളം ചെല്ലേണം. യെരുവു ഫാടില്ല. ഗുളിക ഒന്നുക്കു വില ഫയ് ഫത്ത്-10"[10]

ഇങ്ങനെ ജനങ്ങൾക്കുപകാരപ്പെടുന്ന രീതിയിലും വേഗത്തിൽ മനസ്സിലാകുന്ന കൃത്യമായ വിവരങ്ങളോടെയും വിശദീകരിക്കുന്നതായി കാണാം.

**(ii) നോട്ടീസ്**

പത്രത്തിന്റെ മറ്റൊരു പ്രത്യേകതയാണ് നോട്ടീസ്. വായനക്കാർ അറിവാൻ, വായനക്കാർക്ക് നോട്ടീസ്, യേജണ്ട്മാരും ലേഖകൻമാരും അറിവാൻ എന്നിങ്ങനെയുള്ള വിവരങ്ങളടങ്ങിയ നോട്ടീസുകൾ പത്രത്തിൽ പ്രത്യേകമായി കാണുന്നുണ്ട്. ഇതിൽ പത്രവുമായി ബന്ധപ്പെട്ട അത്യാവശ്യവിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. ഉദാഹരണം- വായനക്കാർക്ക് നോട്ടീസ്

> "സ്വലാഹുൽ ഇഖ്വാൻ യെന്ന ഈ വർത്തമാനകടലാസ് മലയാളമുസ്ലീങ്ങൾ കുടുങ്ങിയിരിക്കുന്ന മുശ്രിക്കീങ്ങളുടെ ശര്ർ യെന്ന ഇരുട്ടിൽ നിന്ന് സലാമത്തിന്റെ വീട്ക്കൊള്ള വെളിച്ചം കാണിച്ച് കൊടുക്കുന്ന ഒരു ഫാനീസാകയാൽ അറബ് നൂസുകളിൽ ഈ സമാനിലെ ഇമാമിങ്ങളായ ശ്രുതിഫ്ഫെട്ട ആലിമീങ്ങൾ കാണിച്ചു വരും പ്രകാരം ആയത്ത് ഹദീസ് അഹ്ക്കാമുകൾ മുതലായത് ചില ജനങ്ങളിൽ കാണിക്കാതിരിഫ്ഫാൻ ഫാടില്ലാതെ വരുന്നു. ഇങ്ങനെ ഉള്ള സംങ്ങതികളെ കൊണ്ട് സ്വലാഹുൽ ഇഖ്വാൻ ഇസ്ലാമായകടലാസകയാൽ ഇതിനെ കയ്യിൽ കിട്ടിയാൽ വളരെ .................... വക്കേണ്ടത് ഇസ്ലാമിയ്യത്തോട് സന്തോഷമുള്ള ഇഖ്വാനീങ്ങൾക്ക് ആവശ്യമാകുന്നു."[11]

**(iv) കത്തുകൾ**

പത്രത്തെ വായനക്കാർ എത്രമാത്രം ആശ്രയിക്കുന്നുണ്ട് എന്നതിന് തെളിവാണ് പത്രത്തിൽ കാണുന്ന കത്തുകൾ. പത്രത്തിന്റെ പണ്ഡിതരായ പ്രവർത്തകരോട് വായനക്കാർ ചോദ്യങ്ങൾ ചോദിച്ചു കൊണ്ട് കത്തുകൾ അയക്കുന്നു. കത്തിലെ ചോദ്യങ്ങളും അതിന്റെ ഉത്തരങ്ങളും സഹിതം പത്രത്തിൽ പ്രസിദ്ധീകരിക്കുന്നു. ഇതുവഴി വായനക്കാരുടെ താൽപര്യങ്ങൾക്കും അവരുടെ അറിവ് വർദ്ധിപ്പിക്കന്നതിനും പത്രം മുഖ്യസ്ഥാനം കൊടുത്തിരുന്നുവെന്ന് മനസ്സിലാക്കാം. സ്വത്തവകാശങ്ങളെ കുറിച്ചും ഇസ്ലാമിക കർമ്മശാസ്ത്ര സംബന്ധിയായ സംശയങ്ങളെക്കുറിച്ചുമാണ് കൂടുതലും ചോദ്യങ്ങൾ പത്രത്തിൽ കാണുന്നത്.

ഉദാഹരണം- ഒരു അനന്തിരാവകാശ ചോദ്യം

> "സ്വലാഹുൽ ഇഖ്വാൻ ഫത്രാധിഫർ അവർകൾക്കു സലാം. അസ്സലാമു അലയ്ക്കും വറഹ്മത്തുല്ലാഹ്. യെന്നാൽ ഒരു മരിച്ച ഫെണ്ണിന്നു കെട്ടിയ മാഫ്ഫിളയും ഉമ്മയും ഉമ്മ ഒന്ന ഒരാങ്ങളയും ഒരു അനുജത്തിയും ഉണ്ടു. യെന്നാൽ ഈ മയ്യത്തിന്റെ മുതലിന്നു ആരെല്ലാം അവകാശികളാകുമെന്നും യെങ്ങനെയെ

ല്ലാം ഓഹരി ചെയ്യേണമെന്നും താനികളുടെ ഫത്രത്തിൽ ഒരു മറുഫടിയും ഫ്രസിദ്ദം ചെയ്തു കാണുവാൻ അഫേക്ച്ചിക്കുന്നു യെന്നു ഒരു അവകാശി."[12]

## (v) വാർത്തകൾക്കു പുറമെ സാഹിത്യവും

സ്വലാഹുൽ ഇഖ്വാൻ സാഹിത്യത്തിനു വളരെയധികം പ്രാധാന്യം കൊടുക്കുന്നതായി പത്രത്തിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നു. ഗദ്യവും പദ്യവുമായി പാട്ടുകൾ, നോവലുകൾ, ലേഖനങ്ങൾ തുടങ്ങിയവയെല്ലാം പത്രത്തിൽ പ്രസിദ്ധീകരിച്ചുകാണുന്നുണ്ട്.

17/02/1900-ലെ പതിപ്പിൽ ബെയ്ത്തുകൾ എന്ന പേരിൽ ആ കാലഘട്ടത്തിൽ ഉണ്ടായ ഭൂകമ്പത്തെ കുറിച്ച് എഴുതപ്പെട്ട 'അലാജാഖതമിലില്ലാമ' എന്ന് തുടങ്ങുന്ന അറബി പാട്ടും അതിന്റെ അർത്ഥവും പത്രത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതായി കാണാം. അതുപോലെ തന്നെ 12/03/1902ലെ പത്രത്തിൽ 'ഫാട്ടുകളും ഫാട്ടുകാരും' എന്ന ലേഖനവും ഉണ്ട്. *'ചാർദർവേശ്'* എന്ന അറബിമലയാള നോവൽ ഖണ്ഡശ്ശഃയായി പ്രസിദ്ധികരിച്ചിരിക്കുന്നു. അറബിമലയാളത്തിലെ ആദ്യത്തെ നോവലാണിത്. നാലകത്ത് കുഞ്ഞി മൊയ്ദീൻ കുട്ടി 1866 ലാണ് ഈ നോവൽ എഴുതുന്നത്. ഇതിന്റെ പരമ്പരയാണ് സ്വലാഹുൽ ഇഖ്വാനിൽ കാണുന്നത്. നാലു സന്യാസിമാർ എന്നാണ് ഇതിന്റെ അർത്ഥം. ഈ നോവൽ വായിക്കുന്നതിലൂടെ വായനക്കാരെ അതിശയിപ്പിക്കുക എന്നതായിരുന്നു അന്നത്തെ സാഹിത്യത്തിന്റെ ലക്ഷ്യം എന്ന് മനസ്സിലാക്കാം. ഇതൊരു പാഴ്സിക്കഥയാണ്. പാഴ്സിയിൽനിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്തിരിക്കുന്നു. ഒരു പ്രീ-പബ്ലിക്കേഷൻ മാർക്കറ്റിങ് രീതിയാണ് ഇവിടെ കാണാൻകഴിയുന്നത്. പ്രവാചകചരിത്രങ്ങളും ഖണ്ഡശ്ശഃയായി പ്രസിദ്ധീകരിച്ചിരുന്നത് ശ്രദ്ധേയമാണ്. സാധാരണ പത്രത്തിലെപ്പോലെ തന്നെ ധാരാളം ലേഖനങ്ങൾ പത്രത്തിൽ കാണാം. പക്ഷെ ഇവ അധികവും സമുദായായോദ്ധരണം ലക്ഷ്യം വെച്ചുകൊണ്ടുള്ള ലേഖനങ്ങളാണ്. പത്രത്തിൽ ലേഖനങ്ങൾ അയക്കുന്നവർക്ക് പത്രം വില കുറച്ചു കൊടുക്കുന്നുണ്ട്. മഊനത്തുൽ ഇസ്‌ലാംസഭ തീരുമാനങ്ങളിൽ ലേഖകർക്കും മറ്റു എഴുത്തുകാർക്കും ഉള്ള ഇളവുകൾ വ്യക്തമാക്കുന്ന കാര്യം പത്രത്തിൽ തന്നെ ഉൾപ്പെടുത്തിയിരിക്കുന്നതായി കാണാം. ഇതിൽ നിന്നെല്ലാം പത്രം സാഹിത്യത്തിന് കൊടുക്കുന്ന പ്രാധാന്യം എത്രത്തോളമാണെന്ന് മനസ്സിലാക്കാം. വാർത്തകളുടെ ഇന്നത്തെ വസ്തുനിഷ്ഠ വിവരണാത്മക രീ

തിക്കു പകരം കഥാകഥനത്തിന്റെ ആഖ്യാനസ്വഭാവമാണ് ഉണ്ടായിരുന്നത്. റിപ്പോർട്ടറുടെ വിചാരവികാരങ്ങളും ചിന്തയും പ്രാർത്ഥനയും മൂല്യനിർണയവും പ്രതികരണങ്ങളും യഥോചിതം സാന്ദർഭികമായി ചേർത്തുകൊണ്ട് വികസിക്കുന്ന രേഖീയസ്വഭാവത്തിലുള്ള വാർത്താവതരണമാണ് പത്രം പിന്തുടർന്നിരുന്നത്. വാർത്തകൾ പോലെ തന്നെ ഇങ്ങനെയുള്ള കാര്യങ്ങൾക്കും പത്രം പ്രാധാന്യം കൊടുക്കുന്നുണ്ട് എന്നത് എടുത്തുപറയേണ്ട സവിശേഷതയാണ്. ലിപ്യന്തരണം നടത്തിയ മൂന്നു പത്രങ്ങളിലും ഈ സവിശേഷത കാണുവാൻ കഴിയുന്നുണ്ട്. വാർത്തകളുടെ യഥാതഥവും വസ്തുനിഷ്ഠവുമായ പ്രതിപാദനരീതിക്കു പകരം വർണ്ണനകളും വിവരണങ്ങളും വാമൊഴികളും അലങ്കാരങ്ങളും നിറഞ്ഞ സാഹിതീയമായ ആഖ്യാനമാണ് പത്രത്തിൽ പലപ്പോഴും കാണാൻ കഴിയുന്നത്.

**1.9 വാർത്തയും അതിന്റെ ഉറവിടങ്ങളും**

നാട്ടുവർത്തമാനങ്ങൾ, പരദേശവർത്തമാനങ്ങൾ, ഖിലാഫത്തുവർത്തമാനങ്ങൾ, പ്രദേശവർത്തമാനങ്ങൾ, മലയാളവർത്തമാനങ്ങൾ എന്നിങ്ങനെയുള്ള തലക്കെട്ടുകളിലാണ് പത്രത്തിലെ വാർത്തകൾ കാണാൻ കഴിയുന്നത്. മാപ്പിളസമൂഹത്തെ ലക്ഷ്യം വച്ചുകൊണ്ടുള്ള പത്രമായതുകൊണ്ട് തന്നെ ഇസ്ലാമിക വാർത്തകൾക്കാണു മുൻഗണന. പുറം രാജ്യങ്ങളിലെ വാർത്തകൾ എത്തിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിൽ കൂടിയും മതപരമായ കാര്യങ്ങളാണ് കൂടുതലും പറയുന്നത്. ഇസ്ലാമിന്റെ ഉയർച്ച താഴ്ചകളും ഇസ്ലാമിന്റെ പ്രയാസങ്ങളും ഇസ്ലാമിലേക്കു മതപരിവർത്തനം നടത്തുന്നവരെക്കുറിച്ച് നാട്ടിലും മറ്റു ദേശങ്ങളിലും നടക്കുന്ന വിവരങ്ങളും പത്രത്തിൽ കാണാം.

17/02/1900ത്തിലെ പത്രത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട ഭൂമികുലുക്കത്തെക്കുറിച്ചുള്ള വാർത്തയിൽ കേരളത്തിൽ മാത്രമല്ല, മറിച്ച് ഏതെല്ലാം ദേശങ്ങളിൽ ഉണ്ടായി എന്നതിനെക്കുറിച്ചുള്ള കൃത്യമായ ദത്തശേഖരണം തന്നെ നടത്തിയതായും അതു വായനക്കാരിലേക്ക് എത്തിച്ചതായും കാണാം. അതുപോലെതന്നെ ട്രാൻസ്വാലിൽ നടന്നിട്ടുള്ള യുദ്ധം യഥാർത്ഥ തിയതികൾ സഹിതം റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഈ വാർത്ത തുടർച്ചയായി യുദ്ധം അവസാനിക്കുന്നത് വരെ പത്രത്തിൽ പ്രസിദ്ധീകരിച്ചിരുന്നു എന്നത് ശ്രദ്ധേയമാണ്. ഇതിൽ നിന്ന് വ്യക്തമാവുന്ന മലബാർ മുസ്ലീംകളുടെ ചിന്താപരമായ ഔന്നത്യം അവർക്ക് ആ കാലഘട്ടത്തിൽ തന്നെ ആഗോളമായിട്ടുള്ള ഒരു വീക്ഷണമുണ്ടായിരുന്നു എന്നതാണ്.

അത് ഈ പത്രം വളരെയധികം സ്ഥാപിക്കുന്നുമുണ്ട്. ആഗോളവാർത്തകൾ, ആഗോള വിശേഷങ്ങൾ, അറബി എന്ന ഭാഷയുമായി ബന്ധപ്പെട്ട് വരുന്ന ചില വികസനങ്ങൾ, ആഗോളഭാഷയുമായുള്ള കണ്ണിചേരൽ തുടങ്ങിയ ധാരാളം വാർത്തകൾ ഈ പത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്. അവ മുസ്‌ലിം സമൂഹത്തിൽ പണ്ടു മുതലേ നിലനിന്നിരുന്ന പ്രവാസബന്ധത്തെക്കൂടിയാണ് മനസ്സിലാക്കിത്തരുന്നത്.

മലയാളവർത്തമാനങ്ങളിൽ ഉൾപ്പെടുത്തിയിരുന്ന വാർത്തകളുടെ തലക്കെട്ടുകൾ ഇങ്ങനെയാണ്- സിന ചെയ്തിട്ട് കൊന്നതു, കൃഷി നഷ്ടം, ഫുതിയ തീവണ്ടി ഫാട ക അളവു, ഫടക്കം ഫൊട്ടിച്ചിട്ടു മരിച്ചിതു, ഒരു ഉരുഫൊളിക്കൽ, ജനങ്ങളുടെ ബുദ്ധിമുട്ട്, ഒരു മുൻസിഫാൽ കൗൺസിലർ, ഒരു ഉദ്യോഗമാറ്റം, ഒരു സഭ മാറി ഫാർഫു, സ്വലാഹുൽ ഇഖ്‌വാൻ ശിക്ഷിച്ചത്, ഫള്ളി ഫണികളിൽ ഫാടില്ലാത്തത്, ഒരു ഫുതിയ നിയമം, കൂട്ടായി നേർച്ച തുടങ്ങിയവ പ്രധാന തലക്കെട്ടുകൾ ആയി കാണുമ്പോൾ ഇതിൽ നിന്നും നാട്ടിലെ വിശേഷങ്ങൾ ജനങ്ങളിലേക്ക് പത്രം എത്തിച്ചിരിക്കുന്നതായി മനസ്സിലാക്കാം. ഇസ്‌ലാമിക വിഷയങ്ങളോടൊപ്പം തന്നെ ഇതര വിഷയങ്ങളും പത്രം കൈകാര്യം ചെയ്തിരുന്നു എന്നത് ഈ തലക്കെട്ടുകളിൽനിന്നുതന്നെ വ്യക്തമാണ്. ഇത്തരത്തിൽ സാധാരണ നാട്ടുവാർത്തകളോടൊപ്പം തുറുക്കി, പോർട്ടുഗീസ് പടയുടെ വിശേഷങ്ങൾ എന്നിങ്ങനെ വൈദേശിക വാർത്തകളും ഒരുപോലെ പത്രത്തിൽ കാണാം. ഇവയെല്ലാം വാർത്താസ്രോതസ്സുകളുടെ വ്യാപ്തിയെ മനസ്സിലാക്കിത്തരുന്നു.

**1.10. പത്രത്തിന്റെ നിലപാടും കാഴ്ചപ്പാടും**

കാലഘട്ടത്തിനനുസരിച്ച് ഒരു പത്രമാസികയുടേതായ എല്ലാ വ്യത്യസ്തതകളും സ്വലാഹുൽ ഇഖ്‌വാനിൽ കാണാൻ കഴിയുന്നു. പത്രം മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളും ഉള്ളടക്ക വിശകലനത്തിൽനിന്നു കണ്ടെത്തിയ നിഗമനങ്ങളും സ്വലാഹുൽ ഇഖ്‌വാനിന്റെ സ്വഭാവത്തെ മനസ്സിലാക്കിത്തരുന്നു.

17/02/1900-ത്തിലെ പത്രത്തിൽ സ്വലാഹുൽ ഇഖ്‌വാൻ 1319 മുഹറമുൽ ഹറാം-1 എന്ന ഭാഗത്ത് പത്രത്തിന്റെ ലക്ഷ്യവും നിലപാടും വ്യക്തമാക്കുന്നുണ്ട്. മലയാളികളായ മുസ്ലീംകൾക്ക് വേണ്ടി മതപരവും അല്ലാത്തതുമായ വാർത്തകൾ ലഭ്യമാക്കുക, മറ്റു രാജ്യങ്ങളുടെ മതസംബന്ധമായ വിധിവിലക്കുകളും മറ്റു വാർത്തകളും പരിചയപ്പെടുത്തുക, തുടങ്ങിയ ലക്ഷ്യങ്ങളെല്ലാം പത്രത്തിന്റെ ഉദ്ദേശ്യ

ങ്ങളായി ഇതിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നു.

പത്രത്തിൽ ലേഖനങ്ങൾക്ക് പ്രത്യേകമായ സ്ഥാനമുണ്ട്. പ്രസാധകരുടെ തീരുമാനങ്ങൾക്കും പ്രസ്താവനകൾക്കും ലേഖനവുമായി ബന്ധപ്പെട്ട തർക്കങ്ങളുടെ സൂചനകൾക്കും പത്രം പ്രാധാന്യം നൽകുന്നതായി കാണാം. പത്രത്തെ പ്രസാധകർ 'കടലാസ്' എന്നും 'ഇസ്ലാമായ കടലാസ്' എന്നും 'വാർത്തമാന കടലാസ്' എന്നും വിശേഷിപ്പിക്കുന്നത് ശ്രദ്ധേയമാണ്.

ഉദാഹരണം:

> 'ഫത്രം മടക്കൽബ ഈ വർത്തമാനകടലാസിന്റെ ഫത്ര വരിക്കാരിൽ ചിലർ തങ്ങളുടെ ഫക്കൽ നിന്നും വരേണ്ടുന്ന ബാക്കി വരി അടക്കാതെ ഫത്രം മടക്കിയും ആവശ്യമില്ലെന്ന ഹത്തുകൾ അയച്ചും കാണുന്നു. മേലാൽ കടലാസ് ആവശ്യമില്ലാത്തവർ അങ്ങിന്നെ ചെയ്യുന്ന സമയം ബാക്കിതരുവാനുള്ള വരിഫ് ഫണത്തോടുകൂടി ആ വിവരം ഞങ്ങളെ അറിയിക്കേണ്ടതും ആ ഫ്രകാരം ചെയ്യാതെ ഒരു അഫേക്ച്ച മാത്രം കാണിക്കുന്നതായ ഹത്തുകൾ യാതൊന്നും സമ്മന്ധിക്കഫ്ഫെടാതെ ഫണം ഫിരിഞ്ഞു കിട്ടുവാനുള്ള ശ്രമങ്ങൾ ഞങ്ങൾ ചെയ്യുന്നതുമാകുന്നു."[13]

വാർത്തയോടൊപ്പം ലേഖകന്റെ പ്രതികരണവും ചേർന്ന രീതി ലേഖനത്തിൽ കാണാം. 12/03/1902 ലെ ഒരു 'മയ്യിതിൽ കട്ടതു' എന്ന വാർത്തയുടെ അവസാനത്തിൽ ഈ രീതി കാണാവുന്നതാണ്. അതുപോലെതന്നെ വാർത്തയ്ക്ക് ശേഷം ആലോചിക്കുവാനുള്ള രീതി (വിചാരിച്ചു നോക്കുവീൻ) വാർത്തയോടൊപ്പം പ്രാർത്ഥന ചേർന്ന രീതിയും പത്രത്തിന്റെ സവിശേഷതയാണ്. ഇതിൽ പ്രധാനമായും ഇസ്ലാമികവിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനാൽ, ആ കാലഘട്ടത്തിൽ നിലനിന്നിരുന്ന നിരവധി ഇസ്ലാമിക പ്രസ്ഥാനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പത്രത്തിൽ നിന്നും ലഭിക്കുന്നുണ്ട്.

12/03/1902 ലെ പത്രത്തിലെ മദിരാശിയിൽ മുസ്ലിമാൻ സഭ എന്ന വാർത്ത ഇതിനുദാഹരണമാണ്. അതുപോലെതന്നെ പത്രാധിപരുടെ മഊനത്തുൽ ഇസ്ലാം സഭയെ കുറിച്ചുള്ള വിവരങ്ങൾ പത്രത്തിൽ ധാരാളമായി കാണാൻ സാധിക്കുന്നു. നിരവധി ഖണ്ഡശ്ശഃകൾ പത്രത്തിൽ കടന്നുവരുന്നുണ്ട്. അതിൽ പ്രധാനപ്പെട്ടവ നോവലുകളും ലേഖനങ്ങളുമാണ്. കൂടാതെ യുദ്ധവാർത്തകളും തീർത്ഥാടനകേന്ദ്രങ്ങളായ ദേശങ്ങളുടെ വിവരണങ്ങളും പത്രം പരമ്പരയായി എഴുതി ചേർത്തിരിക്കുന്നതായി കാണാം.

12/03/1902 പത്രത്തിലെ ഇൽമുൽ ഹയ്ഹത്തു തുടർച്ച എന്ന വാർത്ത തീർത്ഥാടന കേന്ദ്രത്തിന്റെ ഖണ്ഡശ്ശ പ്രസിദ്ധീകരണത്തിന് ഉദാഹരണമാണ്. ഇതേ പത്രത്തിൽ തന്നെ ഫ്രദേശവർത്തമാനങ്ങൾ എന്ന വാർത്തയിൽ യുദ്ധവാർത്തയുടെ ഖണ്ഡശ്ശഃ പ്രസിദ്ധീകരണത്തിന് ഉദാഹരണം കാണാവുന്നതാണ്. യുദ്ധവാർത്തകൾക്ക് പത്രം വളരെയധികം പ്രാധാന്യം കൊടുത്തിരുന്നു എന്നത് ശ്രദ്ധേയമാണ്. പത്രം വിദേശ വാർത്തകൾക്കും നാട്ടുവാർത്തകൾക്കും ഒരുപോലെ പ്രാധാന്യം നൽകുന്നതായി കാണാം. മലയാളിയുടെ പ്രവാസജീവിതത്തിന് എല്ലാ കാലഘട്ടത്തിലും തുല്യപ്രാധാന്യം ഉണ്ടെന്ന് പത്രത്തിന്റെ അന്യനാടുകളെക്കുറിച്ചുള്ള വാർത്തകൾ ചൂണ്ടിക്കാണിക്കുന്നു. തുർക്കി, ഇറ്റലി, അറേബ്യൻ രാജ്യങ്ങൾ, യൂറോപ്യൻ രാജ്യങ്ങൾ തുടങ്ങി നിരവധി വിദേശരാജ്യങ്ങളിലെ വാർത്തകൾക്കും പത്രത്തിൽ പ്രാധാന്യമുണ്ടായിരുന്നു. ഇത്തരം വാർത്തകൾ പത്രത്തിൽ വരുന്നുവെങ്കിൽ പത്രത്തിന്റെ പ്രവർത്തനങ്ങൾ എത്രത്തോളം മഹത്തരമായിരുന്നു എന്ന് മനസ്സിലാക്കാം. കൂടുതലും മതവാർത്തകൾക്കാണ് പ്രാധാന്യം നൽകിയിരിക്കുന്നത്. പോർട്ടുഗീസുകാരെക്കുറിച്ചുള്ള വാർത്തകൾ പലയിടങ്ങളിലായി രേഖപ്പെടുത്തിയിട്ടുണ്ട്. 'ഫറന്തിരീസ്' എന്നാണ് പോർച്ചുഗീസിനെ വിശേഷിപ്പിച്ചിരിക്കുന്നത്.

നാട്ടുവർത്തമാനങ്ങളുടെ കാര്യത്തിലാവട്ടെ, കൊലപാതകം, വികസനം (പാലം, തീവണ്ടി തുടങ്ങിയവ) കൃഷി, അക്രമ വാർത്തകൾ, കോടതി വാർത്തകൾ, മരണം, സ്വത്തവകാശം, പകർച്ചവ്യാധികളെക്കുറിച്ചുള്ള വാർത്തകൾ തുടങ്ങി നിരവധി മേഖലകളെ ഉൾകൊള്ളിച്ചുകൊണ്ടുള്ള വൈവിധ്യമുള്ള വാർത്തകൾ തന്നെ പത്രത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതായി കാണാം.

പത്രം മതത്തിന് അമിത പ്രാധാന്യം കൊടുക്കുന്നതിനാൽ മതപരിവർത്തനം മുതൽ മതതർക്കങ്ങൾ വരെയുള്ള വാർത്തകൾ പത്രം ഉൾക്കൊള്ളിക്കുന്നതായി കാണാം.

ഉദാഹരണം:

> "ഇസ്ലാം ദീനിൽ വന്നതു- യേറനാടു താലൂക്കിൽ കൊണ്ടോട്ടി സമീഫമുള്ള ബാവൂർ എന്ന സ്ഥലത്തു നിന്നു ജാത്തൻ നീലകണ്ഠൻ ചക്കി കുഞ്ഞാട്ടിച്ചി ഫൗക്ക ഇങ്ങിനെ അഞ്ചു ചെറമക്കൾ ഇയ്യിടെ ഇസ്ലാം ദീനിൽ വന്നു. മുയ്തീൻ- അബ്ദുല്ല- ആഇശ- ആമിന- ഫാത്തിമ-യെന്നു ഫേർ വെച്ചിരിക്കുന്നു."[14]

ഇതുവഴി മതവാർത്തകൾ പത്രം എങ്ങനെയെല്ലാം കൈകാര്യം ചെയ്തിരുന്നു എന്ന് തിരിച്ചറിയാൻ സാധിക്കുന്നു.

**1.11 പത്രത്തിലെ ചില പ്രയോഗങ്ങൾ**

ഇപ്പോൾ പ്രയോഗത്തിൽ ഇല്ലാത്തതും പ്രയോഗത്തിൽ ഉണ്ടായിരുന്നിട്ടു പിന്നീട് ഇല്ലാതായതുമായ പദങ്ങളും വാക്കുകളും പത്രത്തിൽനിന്ന് കണ്ടെത്തുവാൻ സാധിക്കുന്നുണ്ട്.

ഉദാഹരണത്തിന് – "യെന്റെ ചെവിടു കേട്ടില്ല," 'ഞാൻ കേട്ടിട്ടില്ല' എന്നതിന് പകരമാണ് ഈ പ്രയോഗം. ഇതിൽ 'യെന്റെ' എന്ന പ്രയോഗം മലയാളത്തിൽ 'എന്റെ' എന്നതിനെയാണ് അർത്ഥമാക്കുന്നത്. ഇതുപോലെ തന്നെ എ യ്ക്ക് പകരം എല്ലാ സ്ഥലങ്ങളിലും പത്രം യെ ആണ് ഉപയോഗിച്ചിരിക്കുന്നത്. 'ലെങ്കഫെട്ട' എന്ന പ്രയോഗം പത്രത്തിൽ കാണാം. ഇത് അന്യഭാഷാപദങ്ങളോട് മലയാളം വിഭക്തി ചേർത്ത് പുതിയ പ്രയോഗങ്ങൾ ഉണ്ടാക്കിയതാണെന്ന് മനസ്സിലാക്കാം. ഇത്തരത്തിൽ അറബിയും മലയാളവും കൂട്ടിക്കലർത്തി വ്യത്യസ്തമായ രീതിയിലാണ് പത്രഭാഷ മുന്നോട്ടു പോകുന്നത്.

പണ്ടുകാലങ്ങളിൽ 'സ്മാരകം' എന്ന പദം ഉപയോഗിച്ചിരുന്നില്ല എന്നതിന്റെ സൂചന പത്രത്തിൽ കാണാം. ഉദാഹരണം:– "ഒരു ഫുതിയ ആസ്ഫത്രിബ സൂറിയ അല്ലെങ്കിൽ ശാം രാജ്യത്ത് ഫുതുതായിട്ടു മുസ്തഷ്ഫീൽ ഉസ്വാബിയ്യ യെന്നു ഫേരായിട്ടു ഫുതിയൊരു ആസ്ഫത്രി യെടുക്കുന്നുണ്ടു. ഇന്ത്യയിൽ തലവ്യാദികൾക്കു മാത്രമുള്ള ചികിത്സകൾ ചെയ്യുന്നതും അമേരിക്കക്കാരായ ഒരു സ്ത്രീയുടെ ചെലവിന്മേൽ നടത്തഫ്ഫെടുന്നതും അവളുടെ മരിച്ച ഭർത്താവിന്റെ ഓർമ്മവരുവാൻ വേണ്ടിയേർപ്പെടുത്തുന്നതും ആകുന്നു."15

ഇത്തരത്തിൽ ഇന്ന് ഉള്ളതും ഇല്ലാത്തതും ആയ നിരവധി പ്രയോഗങ്ങൾ കാണാൻ സാധിക്കുന്നു. അത്തരത്തിൽ ഒരു വാക്കാണ് 'അഞ്ചാം ഫൂതി അഞ്ചും തീർന്നിരിക്കാം' (12/3/1902 ലെ പത്രത്തിൽ നിന്നും എടുത്തത്.) എന്നത് യഥാർത്ഥത്തിൽ സ്ത്രീവിരുദ്ധമായതും സ്ത്രീയെ അപമാനിക്കുന്ന തരത്തിലുള്ളതുമായ പ്രയോഗമാണെന്നു മനസ്സിലാക്കാം. എന്നാൽ ഈ പ്രയോഗം ഇന്ന് പ്രചാരത്തിലില്ലാത്തതിനാൽ ഇതിന്റെ അർത്ഥം ആധികാരികമായി അറിയുക എന്നത് പ്രയാസമാണ്. ഇത് ആ കാലഘട്ടത്തിന്റെ സംസ്കാരത്തേയും ഭാഷയുടെ പ്രത്യേകതയേയും എടുത്തുകാണിക്കുന്നു.

E-ISSN:2582-550X

## 1.12 ഖിലാഫത്ത് പ്രസ്ഥാനവും സ്വലാഹുൽ ഇഖ്‌വാനും

1919 മുതൽ 1922 വരെയുള്ള കാലഘട്ടങ്ങളിൽ തുർക്കിക്കെതിരായ ബ്രിട്ടീഷ് നയത്തിനും സഖ്യസേനയുടെ ആസൂത്രിതമായ ഒട്ടോമൻ സാമ്രാജ്യത്തിന്റെ തകർച്ചയ്ക്കുമെതിരെ ബ്രിട്ടീഷ് ഇന്ത്യയിലെ ഇന്ത്യൻമുസ്‌ലിംകൾ ആരംഭിച്ച ഒരു രാഷ്ട്രീയ നയതന്ത്രമാണ് ഖിലാഫത്ത് പ്രസ്ഥാനം. ഒന്നാം ലോകമഹായുദ്ധത്തിനുശേഷം സെവ്രെസ് ഉടമ്പടി പ്രകാരം ഓട്ടോമൻസാമ്രാജ്യത്തിന്മേൽ ഏർപ്പെടുത്തിയ ഉപരോധത്തിനെതിരായ പ്രതിഷേധമായി പൊതുവെ ഈ പ്രസ്ഥാനം വിശേഷിപ്പിക്കപ്പെടുന്നു.

അബ്ദുൽ കലാം ആസാദ്, ഷൗക്കത്ത് അലി, മൗലാനാ മുഹമ്മദ് അലി ജൗഹർ, ഹക്കീം അജ്മൽ ഖാൻ തുടങ്ങിയ നേതാക്കൾ ഈ പ്രസ്ഥാനത്തിലുണ്ടായിരുന്നു. ബ്രിട്ടീഷ് സാമ്രാജ്യത്തോടുള്ള എതിർപ്പിന്റെ ഭാഗമായിട്ടും റൗലറ്റ് നിയമത്തിന് എതിരായി വളർന്നുവന്ന ഹിന്ദു-മുസ്‌ലിം ഐക്യം ദൃഢമാക്കാനും ഖിലാഫത്ത് പ്രസ്ഥാനം വഴിയൊരുക്കുമെന്ന് ഗാന്ധിജി വിശ്വസിച്ചിരുന്നതിനാൽ അദ്ദേഹം ഈ പ്രസ്ഥാനത്തിന്റെ ഭാഗമായി. ബാലഗംഗാധര തിലക്, വല്ലഭായി പട്ടേൽ തുടങ്ങിയ പ്രമുഖരും ഈ പ്രസ്ഥാനത്തെ പിന്തുണച്ചു. ഹിന്ദു-മുസ്ലിം ഐക്യം പ്രോത്സാഹിപ്പിക്കുന്നതിലും ഖിലാഫത്ത് പ്രസ്ഥാനം പരിശ്രമിച്ചിട്ടുണ്ട്. നിസ്സഹകരണ പ്രസ്ഥാനത്തിന്റെ അവസാനത്തെ തുടർന്ന് ഇത് അവസാനിച്ചു.

ഒട്ടോമൻ സുൽത്താൻ അബ്ദുൽ ഹമീദ് രണ്ടാമൻ പാശ്ചാത്യ ആക്രമണത്തിൽ നിന്നും സ്വദേശത്തിന്റെ ജനാധിപത്യ എതിർപ്പിൽനിന്നും ഓട്ടോമൻ സാമ്രാജ്യത്തെ സംരക്ഷിക്കുന്നതിന് വേണ്ടി പാൻ-ഇസ്‌ലാമിസ്റ്റ് പരിപാടി ആരംഭിച്ചു. അദ്ദേഹം അയച്ച ജലാലുദ്ദീൻ അഫ്ഗാനി എന്ന ദൂതൻ ഇന്ത്യൻ മുസ്‌ലിംകൾക്കിടയിൽ മതപരമായ അഭിനിവേശവും സഹാനുഭൂതിയും ഉണർത്തി. ഒട്ടോമൻ സുൽത്താൻ ഖലീഫയായിരുന്നതിനാൽ ലോകത്തിലുള്ള എല്ലാ മുസ്‌ലിംകളുടെയും നേതാവായിരുന്നു. പക്ഷേ അദ്ദേഹം ഒരിക്കലും തന്റെ അധികാരം ഉപയോഗിച്ചിരുന്നില്ല. ഖിലാഫത്ത് പ്രസ്ഥാനം മുസ്‌ലീംകളുടെ പങ്കാളിത്തം വികസിപ്പിക്കാനും ബോധവത്കരണം നടത്താനും ആരംഭിച്ചു. മൗലാന മെഹമൂദ് ഹസ്സൻ, ഒട്ടോമൻ സാമ്രാജ്യത്തിന്റെ പിന്തുണയോടെ ഒരു ദേശീയ സ്വാതന്ത്ര്യയുദ്ധം സംഘടിപ്പിക്കാൻ ശ്രമിച്ചു. ഖിലാഫത്ത് പ്രസ്ഥാനത്തെ തുടർന്ന് നിരവധി വിപ്ലവങ്ങൾ നടന്നു. ഈ പ്രസ്ഥാനത്തെ സഹായിക്കുന്നതിൽ ഇന്ത്യക്കാരുടെ പങ്ക് വളരെ വലുതായിരുന്നു. ലെജി

സ്ലേറ്റീവ് കൗൺസിലുകളും സ്കൂളുകളും കോളേജുകളും വിദേശ സാധനങ്ങളും ബഹിഷ്കരിച്ചു. പ്രതിഷേധങ്ങളും പണിമുടക്കുകളും നിയമലംഘനങ്ങളും ഇന്ത്യയിലുടനീളം വ്യാപിച്ചു. ആദ്യം ഹിന്ദുക്കളും മുസ്ലീംകളും ഇതിൽ അണിചേർന്നു. ഡോ.അൻസാരി, മൗലാന ആസാദ്, ഹക്കീമജ്മൽ ഖാൻ തുടങ്ങിയ നേതാക്കൾ ഗാന്ധിജിയുടെയും കോൺഗ്രസിന്റെയും ശക്തരായ പിന്തുണക്കാരായി തുടർന്നു. ഗാന്ധിജിയെയും അലിസഹോദരന്മാരെയും ഖിലാഫത്ത് പ്രസ്ഥാനത്തെ തുടർന്ന് പോലീസ് അറസ്റ്റ് ചെയ്തിരുന്നു. പ്രധാനമായും ഖിലാഫത്ത് പ്രസ്ഥാനം ബ്രിട്ടീഷ് നയങ്ങൾക്കെതിരായിരുന്നു എന്നതാണ് എടുത്തുപറയേണ്ട സവിശേഷത.

സ്വലാഹുൽ ഇഖ്വാനിന്റെ കാലഘട്ടം ആരംഭിക്കുന്നത് 1899 കളിലാണ്. ഇന്ത്യയുടെ പ്രധാനപ്പെട്ട ഏടുകളിൽ ഒന്നായ ഖിലാഫത്ത് പ്രസ്ഥാനവും പത്രവും വളരെയധികം അടുത്തബന്ധം പുലർത്തുന്നതായി കാണാം. ഖിലാഫത്ത് വർത്തമാനങ്ങൾ അല്ലെങ്കിൽ ഖിലാഫത്ത് വാർത്തകൾ എന്ന പേരിൽ പ്രത്യേക ഇടം തന്നെ ഇത്തരം വാർത്തകൾക്കുവേണ്ടി പത്രത്തിൽ ഒഴിച്ചുവെക്കുന്നതായി കാണാം. പ്രധാനമായും തുർക്കി, ഇസ്തംബൂൽ, മിസ്റ്, ആഫ്രിക്ക, ഇംഗ്ലണ്ട്, പോർട്ടുഗീസ്, ജർമ്മൻ തുടങ്ങി നിരവധി പുറം രാജ്യങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്ന ഭരണകാര്യങ്ങളും അവിടത്തെ പ്രധാനപ്പെട്ട സാംസ്കാരികവും സാമൂഹികവുമായ വ്യവഹാരങ്ങളും ഭരണനയങ്ങളും സുൽത്താൻമാരുടെ വാർത്തകളും സ്വലാഹുൽഇഖ്വാനിൽ ഇടം നേടുന്നു എന്നത് ശ്രദ്ധേയമാണ്. ഇത് പത്രത്തിന്റെ ആഗോളവീക്ഷണത്തെ എടുത്തുകാണിക്കുന്നു. അതിനാൽതന്നെ പത്രം ബ്രിട്ടീഷ് നയങ്ങൾക്കെതിരാണെന്നും ഖിലാഫത്ത് പ്രസ്ഥാനങ്ങളെ പിന്തുണക്കുന്നുവെന്നും ഇതിൽ നിന്നെല്ലാം മനസ്സിലാക്കാം.

### 1.13 മുസ്ലിം നവോത്ഥാനവും സ്വലാഹുൽ ഇഖ്വാനും

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥ നിലനിന്നിരുന്ന സമൂഹം എന്ന നിലയിൽനിന്നും മുസ്ലിംസമുദായത്തെ പരിവർത്തിപ്പിക്കുന്നതിൽ നവോത്ഥാനവും പങ്കുവഹിച്ചിട്ടുണ്ട്. താഴ്ന്നജാതി എന്നും ഉയർന്നജാതി എന്നുമുള്ള വ്യത്യാസം മുസ്ലിംസമുദായത്തിൽ നിലനിന്നിരുന്നില്ലെങ്കിലും ചില അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അവർക്കിടയിൽ നിലവിലുണ്ടായിരുന്നു. സ്കൂൾ വിദ്യാഭ്യാസത്തോട് സാമാന്യമായും മലയാളഭാഷാപഠനത്തോടും ഇംഗ്ലീഷ് ഭാഷാപഠനത്തോടും സവിശേഷമായുമു

ള്ള എതിർപ്പ്, പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിൽ താല്പര്യമില്ലായ്മ, മിശ്രവിദ്യാഭ്യാസത്തോടുള്ള വിയോജിപ്പ് എന്നിവ പ്രകടിപ്പിച്ചിരുന്ന മുസ്ലിംസമൂഹത്തെ അതിൽനിന്നും മോചിപ്പിക്കാൻ വക്കം അബ്ദുൽ ഖാദർ മൗലവി, മക്തിത്തങ്ങൾ, മൊയ്തു മൗലവി തുടങ്ങിയ സാമൂഹ്യപരിഷ്കർത്താക്കൾ പരിശ്രമിച്ചു. അച്ചടിയും പുസ്തകപ്രസാധനവും പത്രപ്രവർത്തനവുമാണ് ഇതിനവരെ ഏറെ സഹായിച്ചത്. അതിന്റെ പേരിൽ അവർക്ക് ധാരാളം വിമർശനങ്ങൾ ഏറ്റുവാങ്ങേണ്ടി വന്നിട്ടുണ്ട്. വക്കം അബ്ദുൽ ഖാദർ മൗലവിയുടെ പത്രത്തെ ആളുകൾ നിരസിക്കുകയും ചെയ്തിരുന്നു. അതു വായിക്കാൻ പാടില്ലാത്തതാണെന്നും ഇസ്‌ലാംവിരുദ്ധമാണെന്നും പ്രചരിപ്പിക്കപ്പെട്ടിരുന്നു. നവോത്ഥാനത്തിന്റെ കാലമായിരുന്നു സ്വലാഹുൽ ഇഖ്‌വാന്റെയും കാലഘട്ടം.

1899ൽ പ്രസിദ്ധീകരണം ആരംഭിച്ച സ്വലാഹുൽ ഇഖ്‌വാൻ എന്ന അറബിമലയാള പത്രം നവോത്ഥാനമേഖലകളിൽ സ്വാധീനം ചെലുത്തിയിരുന്നു എന്നതിന് വ്യക്തമായ തെളിവുകൾ പത്രത്തിൽനിന്നു തന്നെ ലഭിക്കുന്നുണ്ട്. മാപ്പിളസമൂഹത്തിനിടയിൽ നിലനിന്നിരുന്ന അന്ധവിശ്വാസങ്ങളെയോ അനാചാരങ്ങളെയോ പത്രം ചോദ്യം ചെയ്യുന്നില്ല എന്നത് ശ്രദ്ധേയമാണ്. എങ്കിലും എന്ത് ചെയ്യണം എന്ത് ചെയ്യരുത് എന്നതിനെപ്പറ്റി ശരിയായ അവബോധം നൽകുന്നതായി കാണാം. മുസ്‌ലിം നവോത്ഥാന നായകന്മാരായിരുന്ന വക്കം അബ്ദുൽ ഖാദർ മൗലവി, സയ്യിദ് സനാഉല്ലാഹ് മക്തിതങ്ങൾ എന്നിവർക്കും പത്രവുമായി ബന്ധമുണ്ടായിരുന്നു. കൂടാതെ സി. സെയ്താലിക്കുട്ടി മാസ്റ്ററും മുസ്ലിം നവോത്ഥാനത്തിൽ കാര്യമായ പങ്കു നിർവഹിച്ചിട്ടുണ്ട്. 'മുസ്ലീങ്ങളും പുതിയ വിദ്യാഭ്യാസവും' 'മുസ്ലിങ്ങളും ശാസ്ത്രവും' എന്ന പേരിൽ സ്വലാഹുൽ ഇഖ്‌വാൻ പരമ്പരയായി പ്രസിദ്ധീകരിച്ചിട്ടുള്ള സയ്താലിക്കുട്ടി മാസ്റ്ററുടെ ലേഖനങ്ങൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽനിന്നും വിദ്യാഭ്യാസത്തിലും ആധുനീകരണത്തിലും പത്രം നിർണായക സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നു വിലയിരുത്താം. "അങ്ങേയറ്റത്തെ വിനീതനും മതഭക്തനും നിസ്വാർത്ഥ സമുദായസേവകനും കവിയും കിടയറ്റ എഴുത്തുകാരനുമായിരുന്നു എന്റെ ഗുരുവര്യനായ സെയ്താലിക്കുട്ടി മാസ്റ്റർ"- എന്നു ഇ. മൊയ്തു മൗലവി സാഹിബ് പ്രസ്താവിക്കുകയുണ്ടായി. (അഹമ്മദ് മൗലവി സി.എൻ., മുഹമ്മദ് അബ്ദുൽ കരീം കെ.കെ, പേജ്:409). ഇതേ പുസ്തകത്തിൽ തന്നെ സെയ്താലിക്കുട്ടി മാസ്റ്ററുടെ നവോത്ഥാനത്തെക്കുറിച്ചും പ്രസ്താവിക്കുന്നുണ്ട്.

നേർച്ചയെ പത്രം പ്രോത്സാഹിപ്പിക്കുന്നതായിട്ടാണ് കാണുന്നത്. എങ്കിലും ചില കാര്യങ്ങൾ ഇസ്‌ലാമിൽ ശരിയല്ല എന്ന് ബോധിപ്പിച്ചുകൊണ്ട് അനാചാരങ്ങളിൽനിന്ന് ജനങ്ങളെ പിന്നോട്ട് വലിക്കുന്നതായി കാണാം. അതിനുദാഹരണമാണ് ആൾദൈവങ്ങളെ ആരാധിക്കുന്നതിനെ എതിർക്കുന്ന ലേഖനം. പത്രം രണ്ടിൽ 'ചിലരുടെ വിശ്വാസം' എന്ന് പറയുന്ന ലേഖനത്തിൽ ഇതുകാണാവുന്നതാണ്. ഇവിടെ ദൈവത്തെ കൂടാതെ മനുഷ്യരെ ആരാധിക്കുന്നതിനെ എതിർക്കുന്നതായി മനസ്സിലാക്കാം. ഇത്തരം അനാചാരങ്ങളെ തന്നെയാണ് വക്കം അബ്ദുൽ ഖാദർ മൗലവിയും ചോദ്യം ചെയ്തിട്ടുള്ളത്.

1899 മുതൽ 1907 വരെയുള്ള എട്ടുവർഷങ്ങളിൽ സ്വലാഹുൽ ഇഖ്‌വാൻ നടത്തിയ വൈവിധ്യമാർന്ന ഇടപെടലുകൾ മലബാറിലെ മുസ്ലിംകളുടെയും പ്രവാസികളുടെയും പൊതുജനാഭിപ്രായത്തെയും നൈതികതയെയും രൂപപ്പെടുത്തുകയും പൊതുമണ്ഡലത്തെ നിർമ്മിച്ചെടുക്കുകയും ചെയ്തിട്ടുണ്ടെന്ന് പത്രത്തിലെ ഉള്ളടക്കം വിശകലനം ചെയ്യുമ്പോൾ മനസ്സിലാക്കാൻ സാധിക്കുന്നു.

ഈ പത്രത്തിൽ സ്ത്രീകളുടേതായ ലേഖനങ്ങളോ മറ്റെന്തെങ്കിലും പ്രസിദ്ധീകരണങ്ങളോ കാണുന്നില്ല. പല ലേഖകന്മാർക്കും പേരുകൾ നിർദ്ദേശിച്ചിട്ടില്ല എന്നതിനാൽ സ്ത്രീഎഴുത്തുകാർ പത്രത്തിൽ ഉണ്ടായിരുന്നോ എന്നത് കണ്ടെത്തുക പ്രയാസമാണ്. സ്ത്രീപക്ഷ വാർത്തകളും പത്രത്തിൽ താരതമ്യേന കുറവാണ്.

**ഉപസംഹാരം**

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തിലുമായി നിലനിന്ന സ്വലാഹുൽ ഇഖ്‌വാൻ എന്ന അറബിമലയാള പത്രത്തിന്റെ മലയാളലിപ്യന്തരണവും വിശകലനവും വഴി എത്തിച്ചേർന്ന നിഗമനങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

- പത്തൊമ്പതാം നൂറ്റാണ്ടിലെ തമിഴ് കലർന്ന തെക്കൻമലയാളത്തോടും സംസ്കൃതം കലർന്ന വടക്കൻമലയാളത്തോടും അകന്നുനിന്നു മലബാറിലെ മുസ്ലിം വായനക്കാരെ ലക്ഷ്യം വെച്ചുകൊണ്ട് അവരുടെ വ്യവഹാരഭാഷയ്ക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള തനതു മലബാർഗദ്യത്തെ സ്വലാഹുൽ ഇഖ്‌വാൻ അടയാളപ്പെടുത്തുന്നു.
- സംസ്കൃതത്തിന്റെ സവർണവരേണ്യ സംസ്കാരത്തിനും മേൽക്കോയ്മക്കും എതിരെ മലബാർമുസ്ലിംകൾ അവരുടെ ദേശഭാ

E-ISSN:2582-550X

ഷ കൊണ്ടും ഇന്ത്യയിലെ മുസ്ലീം സാമാന്യജനത്തിന്റെ പരിചിത ഭാഷ (അറബി, ഉറുദു, ഹിന്ദി) കൊണ്ടും തീർത്ത രാഷ്ട്രീയ സാംസ്കാരിക പ്രതിരോധമായി ഈ സമീപനത്തെ മനസ്സിലാക്കാൻ പറ്റും.

- ♦ അറബി, ഇംഗ്ലീഷ്, ഉറുദു, ഹിന്ദി പദങ്ങളും മലബാറിലെ വാമൊഴിവഴക്കങ്ങളിലെ ശൈലിയും പ്രയോഗവും സ്വീകരിച്ചുകൊണ്ടും രൂപപ്പെടുത്തിയെടുത്ത ഗദ്യഭാഷയാണ് പത്രത്തിലുള്ളത്. ഈ പത്രം പ്രസിദ്ധീകരിച്ച സാഹിത്യകൃതികൾ ഒന്നും തന്നെ സവർണവരേണ്യരുടേതോ സവർണവരേണ്യഭാഷയിലെഴുതപ്പെട്ടതോ അല്ലായിരുന്നു. ഇതിൽ നിന്നും പത്രത്തിന്റെ ഭാഷ ഒരു രാഷ്ട്രീയനിലപാടായിരുന്നുവെന്ന് നിരീക്ഷിക്കാൻ സാധിക്കുന്നു.
- ♦ അറബി, ഇംഗ്ലീഷ്, ഉറുദു, ഹിന്ദി പദങ്ങൾ ഉൾക്കൊള്ളുന്ന ഗദ്യം, മലബാറിലെ വാമൊഴിവഴക്കങ്ങളായ ശൈലിയുടെയും പ്രയോഗങ്ങളുടെയും സ്വീകാര്യത എന്നിവ ഈ മലബാർഗദ്യത്തിന്റെ പ്രധാന സവിശേഷതകളായി തിരിച്ചറിയാൻ കഴിയും.
- ♦ പാശ്ചാത്യമല്ലാത്തതും മലബാറിന്റെ തനതായിട്ടുള്ളതുമായ ഒരു ചിന്തയും ഭാഷയും രൂപപ്പെടുത്തിയത് അന്നത്തെ മുസ്ലീംകളുടെ ധൈഷണികമായ ഔന്നത്യത്തെ കൂടി സ്ഥാപിക്കുന്നതാണ്.
- ♦ ആരോഗ്യം, നിയമം, പൊതുവിജ്ഞാനം, ആഗോളമാറ്റങ്ങൾ, വികസനപ്രവർത്തനങ്ങൾ, മതവിദ്യാഭ്യാസം എന്നീ മേഖലകളിൽ പത്രം നടത്തിയ ഇടപെടലുകൾ മലബാർമുസ്ലിംകളുടെ ഒരു പൊതുമണ്ഡലത്തെ രൂപപ്പെടുത്തിയെടുക്കുന്നതിൽ നിർണായകമായിരുന്നുവെന്ന് കണ്ടെത്താനാകും.
- ♦ മലബാർജനതയുടെ നീതിബോധത്തെ അഥവാ മൂല്യബോധത്തെ രൂപപ്പെടുത്താനും പത്രത്തിന് സാധിച്ചിരുന്നുവെന്ന് തിരിച്ചറിയാനാകും.
- ♦ ഇതിലെ വാർത്തകൾക്കുള്ള പ്രാധാന്യം ആഗോളമായിരുന്നുവെന്നതു എടുത്തുപറയേണ്ട സവിശേഷതയാണ്.
- ♦ പ്രാദേശികവാർത്തകൾക്കും ലോകവാർത്തകൾക്കും പത്രം പ്രാധാന്യം കൊടുത്തതോടെ മലബാർമുസ്ലിംകളെ ആഗോളചിന്തയുള്ള വിശ്വപൗരന്മാരാ (Global Citizen) യി രൂപപ്പെടുത്താൻ സാധിച്ചു.
- ♦ ആഗോളപൗരൻ എന്ന വീക്ഷണത്തോടൊപ്പം അതിനേക്കാൾ വൈകാരികവും ശക്തവുമായി ലോക മുസ്ലിം സാഹോദര്യത്തെ

(Muslim Bortherhood) രൂപപ്പെടുത്താൻ ഇസ്‌ലാമിക രാജ്യങ്ങളിലെ വാർത്തകൾക്കും വിദേശ രാജ്യങ്ങളിലെ മുസ്‌ലിംകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്കും പ്രാമുഖ്യം കൊടുക്കുക വഴി പത്രത്തിനു സാധിച്ചിട്ടുണ്ട്.

- ഈ രാജ്യങ്ങളിലെ മലബാർജനതയുടെ പ്രവാസജീവിതം ഈ സാഹചര്യത്തെ അനിവാര്യമാക്കുക കൂടി ചെയ്തിട്ടുണ്ട്. ഗൾഫ് രാജ്യങ്ങളെക്കാൾ മദ്ധ്യേഷ്യൻ രാജ്യങ്ങളിലെ വാർത്തകൾക്കുള്ള പ്രാധാന്യം അന്നത്തെ മലയാളികളുടെ പ്രവാസ ജീവിതവുമായി ബന്ധപ്പെട്ടു കിടക്കുന്നതാണെന്ന് മനസ്സിലാക്കാൻ കഴിയും.
- ആധുനികപത്രങ്ങൾ പിന്തുടരുന്ന രീതികളുടെ മാതൃക അന്നേ രൂപപ്പെട്ടുവന്നിരുന്നതായി സ്വലാഹുൽ ഇഖ്‌വാന്റെ വാർത്തകളുടെ വർഗീകരണം തെളിയിക്കുന്നു. അതോടൊപ്പം വാർത്തകൾക്ക് ഉപശീർഷകം നൽകുന്ന രീതിയും വാർത്തകൾ ഖണ്ഡശ്ശഃയായി പ്രസിദ്ധീകരിക്കുന്ന രീതിയും വ്യതിരിക്തതയായും നിലകൊള്ളുന്നു.
- പാഴ്സി, ഹിന്ദുസ്ഥാനി ഭാഷയിൽനിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ട ചാർദർവേശ് എന്ന കൃതി പത്രം ഖണ്ഡശ്ശ:യായി പ്രസിദ്ധീകരിച്ചതിൽ പ്രതിഫലിക്കുന്നത് പത്രത്തിന്റെ ഭാഷാസമീപനം മാത്രമല്ല അന്നത്തെ മലബാർ മുസ്ലിംകളുടെ സാഹിത്യഭാവുകത്വം കൂടിയാണ്.
- നോവലിനെ സംബന്ധിച്ചിടത്തോളം ആ ഭാവുകത്വം നിലനിന്നത് ഫാന്റസിയിലാണെന്ന് പറയാം. അതിശയിപ്പിക്കുക, രസിപ്പിക്കുക എന്നതായിരുന്നു രചനാലക്ഷ്യമെന്നതിനെ ചാർദർവേശിന്റെ പത്രപ്പരസ്യത്തിലെ 'അതിശയ നോവൽ' എന്ന പരസ്യവാക്യം സാധൂകരിക്കുന്നു.
- പ്രസാധകരും വായനക്കാരും തമ്മിൽ കത്തുകളിലൂടെ നടന്ന ആശയവിനിമയങ്ങളും തെരഞ്ഞെടുത്ത കത്തുകളുടെ പ്രസിദ്ധീകരണവും ആരോഗ്യകരവും ജനാധിപത്യപരവുമായ മാധ്യമപ്രവർത്തനത്തിന്റെ മികച്ച ദൃഷ്ടാന്തമാണ്. വായനക്കാർ തങ്ങളുടെ ആത്മീയവും കർമ്മശാസ്ത്രസംബന്ധവുമായ സംശയനിവാരണത്തിനു ആശ്രയിച്ചിരുന്നത് പത്രങ്ങളെയാണെന്ന് മനസ്സിലാക്കാൻ കഴിയും.
- പ്രാദേശികവാർത്തകൾ, ലോകവാർത്തകൾ, കൗതുകവാർത്തകൾ, മതവാർത്തകൾ, യുദ്ധവാർത്തകൾ എന്നിവയോടൊപ്പം ലേ

E-ISSN:2582-550X

ഖനം, പാട്ട്, കവിത, നോവൽ തുടങ്ങിയ സാഹിത്യവ്യവഹാര രൂപങ്ങൾക്കും ഇടം കൊടുത്തുകൊണ്ട് മുസ്ലിംസമൂഹത്തെ വായനസമൂഹമായി പരിവർത്തിപ്പിക്കുന്നതിൽ ഈ പത്രം നടത്തിയ ഇടപെടൽ ശ്രദ്ധേയമായിരുന്നു.

- പത്രം ആത്മീയതയ്ക്കും മതവിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനും വളരെയധികം പ്രാധാന്യം കൊടുത്തിരുന്നു. ഇത് ആ കാലഘട്ടത്തിലെ മുസ്ലിം സമൂഹത്തിനിടയിലെ താൽപര്യങ്ങളെക്കൂടിയാണ് കാണിക്കുന്നത്.
- മലയാളവിദ്യാഭ്യാസത്തിൽ നിരക്ഷരരും അറബിമലയാള പഠനത്തിൽ സാക്ഷരരുമായ ബഹുഭൂരിപക്ഷം വരുന്ന മലബാർ മുസ്ലിംകളുടെ ഭാഷാപരമായ സാധ്യതയെ സ്വലാഹുൽ ഇഖ്വാൻ പ്രയോജനപ്പെടുത്തിയെന്നതിനു സാംസ്കാരികവും രാഷ്ട്രീയവുമായ പ്രാധാന്യമുണ്ട്.
- ബ്രിട്ടീഷ് അധിനിവേശ മലബാറിൽ നിന്നുകൊണ്ട് ബ്രിട്ടീഷ് വിരുദ്ധ നിലപാടുകളെടുക്കാൻ പത്രം കാണിച്ച ധൈര്യം ശ്രദ്ധിക്കപ്പെടേണ്ടതാണ്.
- പത്രം ഖിലാഫത്തുവാർത്തകളെ സസൂക്ഷ്മമായി ജനങ്ങളിലേക്കെത്തിക്കുകയും അതിൽ ബ്രിട്ടീഷ് വിരുദ്ധനിലപാടുകളെടുക്കുകയും ചെയ്തത് കാണാം.
- മുസ്ലിംനവോത്ഥാനത്തിന്റെ ചുവടുപിടിച്ചുകൊണ്ട് സാമൂഹ്യപരിഷ്കരണം കൂടി പത്രം ലക്ഷ്യംവെച്ചിരുന്നുവെന്നും തിരിച്ചറിയാൻ കഴിയുന്നു.

സ്വലാഹുൽ ഇഖ്വാന്റെ മുപ്പതു ലക്കങ്ങളും മലയാളത്തിലേക്ക് ലിപ്യന്തരണം നടത്തി പൊതുസമൂഹത്തിനു ലഭ്യമാക്കിയാൽ ബ്രിട്ടീഷ് അധിനിവേശകാലത്തെ മലബാർജനതയുടെ ജീവിതവും സംസ്കാരവും ചിന്തയും ഭാഷയും സാഹിത്യവും വിശ്വാസവും മൂല്യബോധവും മനസ്സിലാക്കാനുള്ള കൃത്യമായ ഉപാധിയായി അവ മാറുമെന്ന് മനസ്സിലാക്കാൻ കഴിയുന്നു. കേരള മുസ്ലിംകളുടെ നവോത്ഥാനത്തിന്നുവേണ്ടിയുള്ള പരിശ്രമങ്ങളിൽ സി. സെയ്താലിക്കുട്ടിമാസ്റ്ററുടെ പത്രങ്ങൾ വഹിച്ച സാരമായ പങ്ക് സമുദായം എക്കാലത്തും അഭിമാനാഹ്ലാദപൂർവം അനുസ്മരിക്കും.

**കുറിപ്പുകൾ**

1. സ്വലാഹുൽ ഇഖ്വാൻ17/02/1900
2. സ്വലാഹുൽ ഇഖ്വാൻ 17/02/1900
3. സ്വലാഹുൽ ഇഖ്വാൻ 17/02/1900
4. സ്വലാഹുൽ ഇഖ്വാൻ 17/02/1900
5. സ്വലാഹുൽ ഇഖ്വാൻ 17/02/1900
6. സ്വലാഹുൽ ഇഖ്വാൻ 12/03/1902
7. സ്വലാഹുൽ ഇഖ്വാൻ 21/05/1901
8. സ്വലാഹുൽ ഇഖ്വാൻ 1/10/1901
9. സ്വലാഹുൽ ഇഖ്വാൻ 1/10/1901
10. സ്വലാഹുൽ ഇഖ്വാൻ 1/10/1901
11. സ്വലാഹുൽ ഇഖ്വാൻ 17/02/1900
12. സ്വലാഹുൽ ഇഖ്വാൻ 1/10/1901
13. സ്വലാഹുൽ ഇഖ്വാൻ 1/10/1901
14. സ്വലാഹുൽ ഇഖ്വാൻ 21/05/1901
15. സ്വലാഹുൽ ഇഖ്വാൻ 12/03/1902

**ഗ്രന്ഥസൂചി**


അബു ഒ., (1970), *അറബിമലയാള സാഹിത്യചരിത്രം,* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം.

അലി സഖാഫി പുൽപ്പറ്റ, (2016), *മാപ്പിള മലബാറിന്റെ സാഹിത്യ പൈതൃകം,* കോഴിക്കോട്: പൂങ്കാവനം ബുക്സ്.

അഹമദ് എ.പി., (2010), *മുസ്ലിം നവോത്ഥാനം: ചില കേരളീയ ചിത്രങ്ങൾ,* കണ്ണൂർ: കൈരളി ബുക്സ്.

അഹമദ് മൗലവി സി.എൻ., മുഹമ്മദ് അബ്ദുൽ കരീം കെ.കെ., (1978), *മഹത്തായ മാപ്പിളസാഹിത്യ പാരമ്പര്യം,* കോഴിക്കോട്: ആസാദ് ബുക് സ്റ്റാൾ.

തോമസ് എം.വി., (2000), *മാധ്യമങ്ങളും മലയാളസാഹിത്യവും,* തിരുവനന്തപുരം: കൾച്ചറൽ പബ്ലിക്കേഷൻസ് ഡിപ്പാർട്ട്മെന്റ്.

ഷംസുദ്ധീൻ ഒ.കെ., (2014), *മാപ്പിളമലയാളം,* കോഴിക്കോട്: ലിപി പബ്ലിക്കേഷൻസ്.

സെയ്തലവി സി., (2020), *ചാർദർവേശ് ലിപ്യന്തരണവും പരാവർത്തനവും,* കൊച്ചി: നാഷ്ണൽ ബുക്ക്സ്റ്റാൾ.

സലിം പി.സി., ഹാഫിസ് മുഹമ്മദ് എൻ.പി. (2011), *മലബാർ പൈതൃകവും പ്രതാപവും,* കോഴിക്കോട്: മാതൃഭൂമി ബുക്സ്.

ശ്രീകുമാർ ഏ.ജി., (2016), *പുസ്തകവും കേരളസംസ്കാരപരിണാമവും,* തിരുവനന്തപുരം: കേരള സർവകലാശാല.



**ഡോ. മുഹമ്മദ് ബഷീർ കെ.കെ.**
അസോസിയേറ്റ് പ്രൊഫസർ
പി.ടി.എം. ഗവ. കോളേജ്
പെരിന്തൽമണ്ണ
Pin: 679322
India
Email: mbkunnummal@gmail.com
Ph: +91 9946764768
ORCiD: 0000-0002-8766-3960
&
**ദിനുന സി.എസ്**
ബി.എഡ്. മലയാളം
ഡോ. പനുപു മെമ്മോറിയൽ
എസ്.എൻ.ഡി.പി. യോഗം കോളേജ്
കൊടുങ്ങല്ലൂർ
Pin: 680664
India
Email: dilnadilu910@gmail.com
Ph: +91 8089615464
ORCiD: 0009-0001-6130-066X